# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തരിയോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/ഡബ്ല്യു.വൈ.ഡി/പി-1/608/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 25/07/2022
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തരിയോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/ഡബ്ല്യു.വൈ.ഡി/പി-1/608/22 തീയ്യതി: 25/07/2022

## വയനാട് ജില്ലയിലെ തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2020 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അഗസ്റ്റ്യൻ.ഒ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 04-07-2022 | 15-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-07-2022 | 15-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രശാന്ത് സി വി,ഓഡിറ്റ് ഓഫീസർ.

ശ്രീ.അലി അക്ബർ കെ. അസി. ഓഡിറ്റ് ഓഫീസർ.

ശ്രീമതി ഇന്ദു കെ നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ .

ശ്രീമതി റ്റിജി വർഗ്ഗീസ്,ഓഡിറ്റർ .

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഷീജ ആൻറണി | പ്രസിഡന്റ് | 01-04-2020 | 12-11-2020 |
| ഷിബു. വി.ജി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

| | | | |
|---|---|---|---|
| കെ.ജി സുകുമാരൻ | സെക്രട്ടറി | 01-04-2020 | 30-06-2020 |
| സുധ.എം.ജി | സെക്രട്ടറി | 01-07-2020 | 21-07-2020 |
| ലതിക.എം.ബി | സെക്രട്ടറി | 22-07-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.വിൻസെൻറ് ജോർജ്ജ് | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-04-2020 | 31-03-2021 |
| ഡോ.ശ്രീനാഥ് | മെഡിക്കൽഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.സിറാജുദ്ദീൻ | മെഡിക്കൽഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.മുഹമ്മദ് കുട്ടി | മെഡിക്കൽഓഫീസർ (വെറ്റിനറി) | 01-04-2020 | 02-10-2020 |
| ഡോ.സീന. കെ.എം | മെഡിക്കൽഓഫീസർ (വെറ്റിനറി) | 02-10-2020 | 31-03-2021 |
| ശ്രീമതി.ഗീത എം ബി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 24-10-2020 |
| സുമിത എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 26-10-2020 | 31-03-2021 |
| ശ്രീ.വിഷ്ണു | അസി .എഞ്ചിനീയർ | 01-04-2020 | 31-10-2020 |
| ശ്രീമതി.ആലിയ ഫായ്സ | അസി .എഞ്ചിനീയർ | 02-11-2020 | 31-03-2021 |
| ശ്രീ.ജയരത്നം | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ.ഹരീഷ് | വി ഇ ഒ | 01-04-2020 | 31-03-2021 |
| ശ്രീ.ജയരാജൻ.എം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Tiji Varghese (Auditor, On 12-07-2022)<br>Last Updated By: Abhijith P (Computer Assistant, On 23-07-2022) | 1-1 |
| 2 | ബജറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Tiji Varghese (Auditor, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 23-07-2022) | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: Tiji Varghese (Auditor, On 12-07-2022)<br>Last Updated By: Abhijith P (Computer Assistant, On 23-07-2022) | 1-2 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Tiji Varghese (Auditor, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 23-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം ( ACR പ്രകാരം)<br>Written By: Tiji Varghese (Auditor, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 23-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Tiji Varghese (Auditor, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 23-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Tiji Varghese (Auditor, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 23-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Tiji Varghese (Auditor, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 23-07-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Tiji Varghese (Auditor, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 23-07-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Tiji Varghese (Auditor, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 23-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Tiji Varghese (Auditor, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 23-07-2022) | 1-10 |
| 12 | വാർഷിക കണക്കുകൾ - അപാകതകൾ<br>Written By: Ali Akbar. K (Asst. Audit Officer, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 23-07-2022) | 1-11 |
| 13 | കർലാട് തടാകം- ഡി റ്റി പി സി യും പഞ്ചായത്തും തമ്മിൽ കരാർ വെക്കാത്തതിനാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പഞ്ചായത്തിന്റെ അറിവോട്ടുകൂടി സെക്രട്ടറിയുടെ അനുമതിയില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>Written By: Tiji Varghese (Auditor, On 16-07-2022)<br>Last Updated By: Abhijith P (Computer Assistant, On 23-07-2022) | 1-12 |
| 14 | പഞ്ചായത്തിന്റെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Tiji Varghese (Auditor, On 16-07-2022)<br>Last Updated By: Abhijith P (Computer Assistant, On 23-07-2022) | 1-13 |
| 15 | ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്വകാര്യ വണ്ടിത്താവളം ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. | 1-14 |

| | | |
|---|---|---|
| | Written By: Tiji Varghese (Auditor, On 16-07-2022)<br>Last Updated By: Abhijith P (Computer Assistant, On 23-07-2022) | |
| 16 | വാടകയിളവ് നൽകിയതിലെ അപാകതകൾ<br>Written By: Tiji Varghese (Auditor, On 16-07-2022)<br>Last Updated By: Prasanth C V (Audit Officer, On 25-07-2022) | 1-15 |
| 17 | വിവിധകുടിവെള്ള പദ്ധതികൾക്കായി തുക നല്കിയതിന്റെ വിനിയോഗവിവരങ്ങൾ ലഭ്യമല്ല<br>Written By: Prasanth C V (Audit Officer, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 23-07-2022) | 1-16 |
| 18 | തെരുവുവിളക്കുകൾ വാങ്ങി സ്ഥാപിക്കൽ-പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരമില്ല<br>Written By: Prasanth C V (Audit Officer, On 15-07-2022)<br>Last Updated By: Prasanth C V (Audit Officer, On 25-07-2022) | 1-17 |
| 19 | ഓഫീസ് കംപ്യൂട്ടർവത്കരണം-പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരമില്ലാതെ കംപ്യൂട്ടറുകൾ വാങ്ങി<br>Written By: Prasanth C V (Audit Officer, On 15-07-2022)<br>Last Updated By: Prasanth C V (Audit Officer, On 25-07-2022) | 1-18 |
| 20 | കുടിവെള്ളടാപ്പുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.<br>Written By: Prasanth C V (Audit Officer, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 25-07-2022) | 1-19 |
| 21 | തനത്ഫണ്ട് പരിശോധന-ഐ.എൽ.ജി.എം.എസിൽ ചെലവ് രേഖകൾ കൃത്യമല്ല.<br>Written By: Prasanth C V (Audit Officer, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 25-07-2022) | 1-20 |
| 22 | എസ്.എസ്.എക്ക് തുക നല്കിയത് -വിനിയോഗവിവരങ്ങൾ ലഭ്യമല്ലാത്തതും മറ്റ് അപാകതകളും<br>Written By: Prasanth C V (Audit Officer, On 15-07-2022)<br>Last Updated By: Prasanth C V (Audit Officer, On 25-07-2022) | 1-21 |
| 23 | പട്ടികവർഗ്ഗ തുടർസാക്ഷരത തുടർ പദ്ധതി-തുടർ നടപടി സ്വീകരിക്കുന്നില്ല<br>Written By: Prasanth C V (Audit Officer, On 15-07-2022)<br>Last Updated By: Prasanth C V (Audit Officer, On 25-07-2022) | 1-22 |
| 24 | ഭക്ഷ്യധാന്യം വാങ്ങിയത് സ്റ്റോക്കിലെടുത്തില്ല<br>Written By: Prasanth C V (Audit Officer, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 25-07-2022) | 1-23 |
| 25 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ,എൻ.ആർ.എച്ച്.എം അറ്റൻഡർക്ക് വേതനം - അപാകതകൾ<br>Written By: Indu K Nair (Senior Grade Auditor, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 25-07-2022) | 1-24 |
| 26 | മരുന്ന് ലഭ്യമായില്ല<br>Written By: Indu K Nair (Senior Grade Auditor, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 25-07-2022) | 1-24-1 |
| 27 | എൻ.ആർ.എച്ച്.എം അറ്റൻഡർക്ക് വേതനം - മുൻകൂർ അനുമതി ലഭ്യമാക്കിയില്ല<br>Written By: Indu K Nair (Senior Grade Auditor, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 25-07-2022) | 1-24-2 |
| 28 | കാലാവധി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്യുന്നു<br>Written By: Indu K Nair (Senior Grade Auditor, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 25-07-2022) | 1-25 |
| 29 | തരിശു ഭൂമിയിൽ നെൽകൃഷി സഹായം - സബ്സിഡി നിരക്കിനേക്കാൾ അധികം തുക നൽകി<br>Written By: Indu K Nair (Senior Grade Auditor, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 25-07-2022) | 1-26 |

| | | |
|---|---|---|
| 30 | കാവുമന്ദം മാർക്കറ്റ് ഡ്രൈനേജ് നിർമ്മാണം-₹ 27,462.00 അധികം നൽകി<br>Written By: Ali Akbar. K (Asst. Audit Officer, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 25-07-2022) | 1-27 |
| 31 | കുണ്ടിലങ്ങാടി അംഗൺവാടി കുടിവെള്ള പദ്ധതി നവീകരണം - പദ്ധതി ലക്ഷ്യം കണ്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 25-07-2022) | 1-28 |
| 32 | തെക്കേ തൊട്ടിപ്പടി-പതിനൊന്നാം മൈൽ റോഡ് അരിക് സംരക്ഷണം-രേഖകൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 15-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 25-07-2022) | 1-29 |
| 33 | പഞ്ചായത്ത് ഓഫീസ് കെട്ടിടം നവീകരണം- പൊളിച്ച സാധനങ്ങൾ സ്റ്റോക്ക് ചെയ്തിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 25-07-2022) | 1-30 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കാവുമന്ദം മാർക്കറ്റ് ഡ്രൈനേജ് നിർമ്മാണം-₹ 27,462.00 അധികം നൽകി<br>Written By: Ali Akbar. K (Asst. Audit Officer, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 25-07-2022) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Tiji Varghese (Auditor, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 25-07-2022) | 4-1 |
| 2 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Tiji Varghese (Auditor, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 25-07-2022) | 4-2 |
| 3 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Tiji Varghese (Auditor, On 15-07-2022)<br>Last Updated By: Tiji Varghese (Auditor, On 15-07-2022) | 4-3 |
| 4 | ഓഡിറ്റ് റിക്കവറി<br>Written By: Tiji Varghese (Auditor, On 15-07-2022)<br>Last Updated By: Tiji Varghese (Auditor, On 15-07-2022) | 4-4 |
| 5 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Tiji Varghese (Auditor, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 25-07-2022) | 4-5 |
| 6 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Tiji Varghese (Auditor, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 25-07-2022) | 4-6 |
| 7 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Tiji Varghese (Auditor, On 15-07-2022)<br>Last Updated By: Abhijith P (Computer Assistant, On 25-07-2022) | 4-7 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

27.03.20 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 25.01.2021 തീയതിയിലെ 3/1നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 6,08,252 | 4,76,41,700 |
| വരവ് | 13,62,10,000 | 13,46,54,795 |
| ആകെ | 13,68,18,252 | 18,22,96,495 |
| ചെലവ് | 13,59,82,500 | 16,40,14,328 |
| നീക്കിബാക്കി | 8,35,752 | 99,70,243 |

## 1-1-1 ബജറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ ബജറ്റ് 21.03.20 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 25.01.2021 തീയതിയിലെ 3/1നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.ബജറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.ബജറ്റ് ഡോക്യുമെന്റ്സ് പ്രത്യേകം ഫയലാക്കി സൂക്ഷിച്ചിട്ടില്ല:- _

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർബജറ്റ്

എന്നാൽ 2020 -21സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

2.ബജറ്റ് മാന്വൽ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല:- _

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ അപ്രകാരം നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ബജറ്റ് രൂപീകരണത്തിനായി പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്ന ഫ്രഫോമയിൽ രേഖകൾ സഹിതം സമർപ്പിക്കേണ്ടതാണ്.

| ക്രമ നം | ഇനം | നടപടിക്രമം | സ്ഥിതി വിവരം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ (A1-170/19 ) | ഡിസംബർ 15-ന് മുൻപ് | രേഖകൾ സൂക്ഷിച്ചിട്ടില്ല. |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | രേഖകൾ സൂക്ഷിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനവരി 25-ന് മുൻപ് | രേഖകൾ സൂക്ഷിച്ചിട്ടില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | രേഖകൾ സൂക്ഷിച്ചിട്ടില്ല. |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | ബജറ്റ് രേഖകളായി ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നടപടിക്രമങ്ങൾ പാലിച്ചോയെന്ന് ഉറപ്പാക്കാനായില്ല. |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | ബജറ്റ് രേഖകളായി ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നടപടിക്രമങ്ങൾ പാലിച്ചോയെന്ന് ഉറപ്പാക്കാനായില്ല. |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 27/03/2020 തിയ്യതിയിലെ 1/1 നം. തീരുമാന പ്രകാരം അംഗീകരിച്ചു. |

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. നടപടിക്രമങ്ങളുടെ രേഖപ്പെടുത്തൽ ഉണ്ടായിട്ടില്ല.

B) ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചു:- 

ഓപ്പറേഷൻസ് & മെയിന്റനൻസ് ചെലവുകൾക്കായി ബജറ്റിൽ 9,90,000/- രൂപയും പുതുക്കിയ ബജറ്റിൽ 18,90,000/-രൂപയുമാണ് വകയിരുത്തിയത് എന്നാൽ വാർഷിക കണക്ക് പ്രകാരം 29,22,077/- രൂപ ചെലവ് വന്നിട്ടുണ്ട്.

പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.മാത്രമല്ല214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 അനുസരിച്ച് ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ, ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുൻപ് അനുപൂരക ബജറ്റോ, പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. 2021-22 ലെ വാർഷിക ബജറ്റിനോടൊപ്പം 2020-21 ലെ ബജറ്റ് പുതുക്കിയിട്ടുണ്ടെങ്കിലും പുതുക്കിയ ബജറ്റിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന സുപ്രധാന രേഖയാണ് ബജറ്റ്. വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തെ പ്രതീക്ഷിത വരവ്-ചെലവുകൾ കണക്കിലെടുത്തു ബജറ്റ് തയ്യാറാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതോടൊപ്പം ബജറ്റിനെ അതിലംഘിക്കുന്ന ചെലവുകൾ ഉണ്ടാകാതിരിക്കാനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്.

ബജറ്റ് ഫയൽ ഹാജരാക്കേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 09/2020-21/ 12.07.2022)മറുപടി ലഭ്യമാക്കുകയോ ഫയൽ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. പരിശോധനയ്ക്ക് ഹാജരാക്കിയ ബജറ്റ് പരിശോധിച്ച് അപാകത ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറ്ക്ക്(ഓഡിറ്റ് എൻക്വയറി.നം. 10/2020-21,തീയതി 14.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 10.11.2021 | -- | - |

വാർഷിക കണക്ക് 31/07/2020 ന് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ 10.11.2021 തിയ്യതിയിലാണ് വാർഷിക

കണക്ക് സമർപ്പിച്ചത്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹2,37,33,733 |
| വരവ് | ₹6,74,26,467 |
| ആകെ | ₹9,11,60,200 |
| ചെലവ് | ₹6,43,58,282 |
| നീക്കിയിരിപ്പ് | ₹2,68,01,918 |

ഗ്രാമ പഞ്ചായത്തിൽ നിന്നും നേരിട്ട് ചെലവഴിച്ച തുകകളുടെ വിവരങ്ങളാണ് ഖണ്ഡികയിൽ കൊടുത്തിട്ടുള്ളത്.ശ്രോതസ്സിൽ നിന്നും കട്ട് ചെയ്യുന്ന തുകകൾ, നേരിട്ട് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന തുകകൾ എന്നിവ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 ഫണ്ട് വിനിയോഗം ( ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ്/ അലോട്ട്മെന്റ് (₹) | ആകെ(₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക(₹) |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | 0 | 98,10,341 | 98,10,341 | 91,17,341 | 6,93,000 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 5,45,233 | 5,45,233 | 5,34,118 | 11,115 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 5,95,412 | 5,95,412 | 59,51,315 | 97 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 66,48,000 | 66,48,000 | 66,47,360 | 640 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 34,56,681 | 34,56,681 | 34,56,653 | 28 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 1,34,10,974 (44,50,000+ 89,60,974) | 1,34,10,974 (44,50,000+ 89,60,974) | 99,47,863 (33,70,804+ 65,77,059) | 34,63,111 (10,79,196+ 23,83,915) |

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് കണക്കുകളുടെ സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് ജനറൽ,എസ്.സി.പി ,ടി.എസ്.പി എന്നിവ A.C.Rമായി യോജിക്കുന്നില്ല. ചെലവ് പത്രിക പ്രകാരം അവ യഥാക്രമം ₹1,07,10,000, ₹6,66,000, ₹6009903 എന്നിങ്ങനെയാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാ-ക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാ-ക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| (എണ്ണം) | | (എണ്ണം) | | (എണ്ണം) | (എണ്ണം) | ശതമാനം |
| 175 | ₹8,88,61,381 | 142 | ₹4,43,03,623 | 35 | 33 | 61.14 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 23,40,776 | 16,58,572 | 70.86 |
| വെറ്ററിനറി സർജ്ജൻ | 5 | 3 | 46,42,382 | 18,61,968 | 40.11 |
| മെഡിക്കൽ ഓഫീസർ(CHC) | 2 | 1 | 7,50,000 | 6,98,105 | 93.08 |
| മെഡിക്കൽ ഓഫീസർ(Homoeo) | 1 | 1 | 7,00,000 | 6,24,800 | 89.26 |
| മെഡിക്കൽ ഓഫീസർ(Ayurveda) | 2 | 2 | 7,00,000 | 7,00,000 | 100 |
| ഫിഷറീസ് ഇൻസ്പെക്ടർ | 1 | 0 | 12,30,000 | 0 | 0 |
| വി.ഇ.ഒ | 13 | 12 | 3,88,54,158 | 86,70,445 | 22.32 |
| ICDS സൂപ്പർവൈസർ | 8 | 5 | 51,20,000 | 3650413 | 71.3 |
| ടി.ഇ.ഒ | 1 | 0 | 50,000 | 0 | 0 |
| സെക്രട്ടറി | 29 | 21 | 56,77,337 | 43,53,980 | 76.69 |
| അസി.എഞ്ചിനീയർ | 103 | 87 | 2,82,16,066 | 2,15,55,293 | 76.39 |
| ഹെഡ്മാസ്റ്റർ | 2 | 2 | 5,80,662 | 5,30,047 | 91.28 |

## 1-6 തൊഴിലുറപ്പ് പദ്ധതി

രജിസ്റ്റർ പ്രകാരം

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ്(₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 13,96,385 | 82,96,692 | 96,93,077 | 79,96,504 | 16,96,573 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 2,63,14,415 | 2,63,14,415 | 2,63,14,415 | - |
| മെറ്റീരിയൽസ് | | 95,29,738 | 95,29,738 | 94,80,960 | 48,778 |
| ആകെ | 13,96,385 | 4,41,40,845 | 4,55,37,230 | 4,37,91,879 | 17,45,351 |

ഓഡിറ്റിന് സെക്രട്ടറി ലഭ്യമാക്കിയ കണക്കുകളാണ് മുകളിൽ കൊടുത്തത്.വാർഷിക കണക്ക പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ കൊടുക്കുന്നു.

വാർഷിക കണക്കുപ്രകാരം

| മുന്നിരിപ്പ് (₹) | വരവ് (₹) | ചെലവ്(₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|
| 13,96,385 | 3,73,54,575 | 3,70,54,387 | 16,96,573 |

തൊഴിലുറപ്പ് പദ്ധതി കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 8640 | 13 |
| കർഷകതൊഴിലാളി പെൻഷൻ | 3421500 | 231 |
| വിധവാപെൻഷൻ | 6295100 | 395 |
| വാർദ്ധക്യകാലപെൻഷൻ | 9508300 | 682 |
| വികലാംഗപെൻഷൻ | 6295100 | 120 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04/07/2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹11,698/-(പതിനൊന്നായിരത്തി അറുനൂറ്റി തൊണ്ണൂറ്റി എട്ട്)ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം വിലയിരുത്തിയതിൽ ശ്രദ്ധേയമായ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

പൊതു നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | ഹെഡ് ക്ലാർക്ക് | 1 |
| 3 | അക്കൗണ്ടന്റ് | 1 |
| 4 | സീനിയർ ക്ലാർക്ക് | 3 |
| 5 | ക്ലാർക്ക് | 3 |
| 6 | ഓഫീസ് അറ്റൻഡന്റ് | 2 |
| 7 | ഡ്രൈവർ | 1 |
| 8 | പാർടൈം സ്വീപ്പർ(daily Wage) | 1 |
| 9 | ലൈബ്രേറിയൻ(part Time) | 1 |
| 10 | ടെക്നിക്കൽ അസിസ്റ്റന്റ് (കരാർ നിയമനം) | 1 |
| 11 | പ്രൊജക്ട് അസിസ്റ്റന്റ് (താൽക്കാലികം) | 1 |

04.09.2018 ലെ ഉത്തരവ് നം 5815/എസ്.സി.2/2018പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിനപ്രവർത്തനത്തിനായി 23 സോഫ്റ്റ്‌വെയറുകൾ നിലവിൽ ഉപയോഗിക്കുന്നുണ്ട്. എന്നാൽ പുതിയ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച് നൽകുമ്പോൾ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച് പരാമർങ്ങളൊന്നും ഇല്ല. നിലവിൽ ഗ്രാമപഞ്ചായത്തിൽ പ്രധാനമായും ഐ എൽ ജി എം എസ് സോഫ്റ്റ്‌വെയറാണ് ഉപയോഗിക്കുന്നത്. ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഐ എൽ ജി എം എസ് സോഫ്റ്റ്‌വെയറിൽ ജീവനക്കാരുടെ പേഴ്സണൽ

രജിസ്റ്റർ ലഭ്യമല്ല.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 33 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 19 തവണയും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 18 തവണയും ക്ഷേമകര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 തവണയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 18തവണയും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 -ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ ജൂലൈ മാസത്തിലൊഴികെ കൃത്യമായി പാലിച്ചിട്ടുണ്ട്. 21/08/2020 തിയ്യതിയിലാണ് ജൂലൈ മാസത്തെ വരവ് ചിലവ് കണക്കുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിച്ചത്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2020-21സാമ്പത്തിക വർഷം 10 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. ജൂലൈ, സെപ്റ്റംബർ, ഒക്ടോബർ ജനവരി മാസങ്ങളിൽ ജീവനക്കാരുടെ യോഗം ചേർന്നിട്ടില്ല.ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ബഡ്ജറ്റ്

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല.ബജറ്റ് ഫയൽ പ്രത്യേകം രേഖയായി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് വർഷം ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ഓപ്പറേഷൻ & മെയിന്റനൻസ് ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

*അക്കൌണ്ടിങ്ങ്*

നവീകരിച്ച അക്കൌണ്ടിങ്ങ് രീതി പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. റസീറ്റ് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൌണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്. പഞ്ചായത്തിന്റെ മുഴുവൻ ബാങ്ക് അക്കൌണ്ടുകളുടേയും വിവരങ്ങൾ പഞ്ചായത്തിൻെറ വരവ് ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്.സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്. സ്വികരിക്കുന്ന പിരിവു തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചാത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്.

ഡ.സി.ബി വരവുകളിൻ മേലുള്ള നിയന്ത്രണം

ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി. രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി, വസ്തു നികുതി എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം

വസ്തുനികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. തൻവർഷം 100 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.കെട്ടിടങ്ങളുടെ വേക്കൻസി റെമിഷൻ രജിസ്റ്റർ,പൊളിച്ചുകളഞ്ഞ കെട്ടിടങ്ങളുടെ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ നൽകുന്നത് ചട്ടപ്രകാരമാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

പ്രൊക്യൂർമെന്റ് കമ്മിറ്റി

പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2020-21 വർഷത്തിൽ ആകെ ഒരു തവണമാത്രമാണ് യോഗം (14.10.2020) ചേർന്നിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പിനായി 9 പർച്ചേസുകൾ(കൃഷി-2, വെറ്റിനറി-2,വി ഇ ഒ-2, ഐ സി ഡി എസ് 1, സെക്രട്ടറി-2) നടത്തിയിട്ടുണ്ടെങ്കിലും 14/10/20 തിയ്യതിയിൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പച്ചക്കറി തൈ വിതരണ

പദ്ധതി മാത്രമേ പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളൂ. ക്വട്ടേഷൻ, ടെണ്ടർ, വിതരണം നടത്തിയത്, വിതരണം ചെയ്ത സാധനം സ്പെസിഫിക്കേഷൻ പ്രകാരമാണോ, പണം നൽകൽ ഈ കാര്യങ്ങളൊന്നും തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ചിട്ടില്ല. ഇക്കാര്യത്തിൽ കമ്മിറ്റിയുടെ കൃത്യമായ ഇടപെടലുകൾ ആവശ്യമാണ്.

വർക്കിംഗ് ഗ്രൂപ്പ്

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. ഓഡിറ്റ് വർഷം ഒന്നോ രണ്ടോ തവണയിലധികം വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടില്ല.വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ യോഗ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല. മിനിറ്റ്സ് ബുക്കിന്റെ പേജുകൾ ഒഴിച്ചിട്ട നിലയിലാണ്. നടപ്പുപദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ ചർച്ചകൾ നടത്തിയിട്ടില്ല. മുൻവർഷ പദ്ധതികൾ അവലോകനം നടത്തിയിട്ടില്ല.വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ കൺവീനർ ഒപ്പുവെക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അഡ്വാൻസ് രജിസ്റ്റർ, മാസ്റ്റർ ഇൻകംബൻസി രജിസ്റ്റർ ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, തുടങ്ങിയവ എഴുതി സൂക്ഷിക്കുന്നില്ല.സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല,വേക്കൻസി റെമിഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.റസീറ്റ് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അവയുടെ സ്റ്റോക്ക് കൃത്യമാണ്.

ആസ്തികളിൻമേലുള്ള നിയന്ത്രണം

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

ഓഡിറ്റ് നിർദ്ദേശം

തനത് വരുമാനം കുറഞ്ഞ തരിയോട് ഗ്രാമപഞ്ചായത്തിന്, ഘടനാ പരമായ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കുന്നതിലൂടെയും കെട്ടിട നമ്പറില്ലാത്ത(നികുതി നിർണ്ണയിക്കാത്ത) കെട്ടിടങ്ങൾക്ക് പഞ്ചായത്തീരാജ് ചട്ടങ്ങൾക്കനുസൃതമായി കെട്ടിട നമ്പർ നൽകി വസ്തു നികുതി പുനർ നിർണ്ണയിക്കുന്നതിലൂടെയും നിലവിൽ ലേലത്തിൽ പോകാത്ത പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മൽസ്യ/മാംസ മാർക്കറ്റ് ഉപയോഗക്രമം മാറ്റി വരുമാന ദായകമായ ഉപയോഗക്രമത്തിലേക്ക് മാറ്റി പുനർ ലേലം ചെയ്യുന്നതിലൂടെയും തനത് ഫണ്ട് വർദ്ധിക്കാനിടയാകും.ഇക്കാര്യത്തിൽ പഞ്ചായത്ത് സെക്രട്ടറിയുടേയും ജീവനക്കാരുടേയും ഭരണ സമിതിയുടേയും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും ഇടപെടലുകൾ അനിവാര്യമാണ്.തുടർ പ്രവർത്തനങ്ങൾ നടത്തി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.07.2022 | 2021-22 | റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18/02/20 | 2014-15 മുതൽ 2018-19 വരെ | 04.04.2020 |

## 1-11 വാർഷിക കണക്കുകൾ - അപാകതകൾ

10/11/2021- ന് ഓഡിറ്റിന് സമർപ്പിച്ച തരിയോട് ഗ്രാമ പഞ്ചായത്തിന്റെ, 2020-21 വർഷത്തെ വാർഷിക കണക്കുകൾ ILGMS സോഫ്റ്റ് വെയറിൽ തയ്യാറാക്കിയതാണ്.വാർഷികകണക്കുകളും രേഖകളും (ഒക്ടോബർ 2020 മുതൽ ILGMS സോഫ്റ്റ് വെയറിൽ ലഭ്യമായ രേഖകൾ ) പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൌണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഇല്ല.

2. ബി-4 ഷെഡ്യൂളിൽ ബാധ്യത ആയി രേഖപ്പെടുത്തിയിട്ടുള്ള ടോട്ടൽ സാനിറ്റേഷൻ, ഐ.സി.ഡി.എസ്., ശുചിത്വ മിഷൻ തുടങ്ങിയ ഒരു ഫണ്ടുകൾക്കും പ്രത്യേക ബാങ്ക് അക്കൌണ്ടുകൾ സൂക്ഷിച്ചിട്ടില്ല. തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള പ്രസ്തുത ഫണ്ടുകൾക്ക് എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഫണ്ടുകളുടെയും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിന്റെയും നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമല്ല.

3. ആസ്തി രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സൃഷ്ടിക്കുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല. മാഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി സൃഷ്ടിക്കപ്പെട്ട ആസ്തികൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെടുത്തുന്നില്ല.

4. തൻവർഷം ക്യൂ ബിൽ ആയ തുക വാർഷികകണക്കിൽ ലയബിലിറ്റി ആയി ഉൾപ്പെടുത്തിയിട്ടില്ല.

5. അസി. എഞ്ചിനീയർ നൽകിയ റിപ്പോർട്ട് പ്രകാരം 2020-21 വർഷം പാർട്ട് ബിൽ കൊടുത്തിരിക്കുന്നത് ₹ 17,50,621.00 ആണ്. എന്നാൽ, Capital Work In Progress ഇനത്തിൽ തൻവർഷം ബുക്ക് ചെയ്ത തുക ₹ 37,46,852.00 (RP-39) ആണ് .എന്നാൽ, ബാലൻസ് ഷീറ്റ് B11-(b) ഷെഡ്യൂൾ പ്രകാരം പൂജ്യം രൂപയാണ്.

6. 2020-21 വർഷത്തെ വികസന ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവും (₹ 91,17,341.00) വാർഷിക കണക്ക് പ്രകാരമുള്ള ചെലവും (₹ 93,57,341.00) പൊരുത്തപ്പെടുന്നില്ല.

7. MNREGS വരവ് – ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

എൻ.ആർ.ഇ.ജി.എസ്. ഇനത്തിലെ വരവ് ചെലവ് തുകകൾ രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.

| എൻ.ആർ.ഇ.ജി.എസ് | രജിസ്റ്റർ പ്രകാരം (₹) | വാർഷിക കണക്കുകൾ പ്രകാരം(₹) | വ്യത്യാസം(₹) |
|---|---|---|---|
| ഭരണ ചെലവ് | 79,96,504.00 | 2,41,642.00 | 77,54,862.00 |
| ആകെ വരവ് | 3,73,54,575.00 | 3,70,54,387.00 | 3,00,188.00 |

8. തൊഴിൽ നികുതി വരവ് വാർഷിക കണക്കുമായി യോജിക്കുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | വാർഷിക കണക്ക് പ്രകാരം(₹) | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം(₹) | വ്യത്യാസം(₹) |
|---|---|---|---|---|
| 1 | തൊഴിൽ നികുതി - ജീവനക്കാർ വരവ് | 6,82,740.00 | 7,63,340.00 | 80,600.00 |
| 2 | തൊഴിൽ നികുതി - ട്രേഡേഴ്സ് വരവ് | 2,41,990.00 | 2,49,230.00 | 7,240.00 |

9. സഞ്ചയ പ്രകാരമുള്ള റസിഡൻഷ്യൽ വസ്തു നികുതി കളക്ഷൻ, കറന്റ് ഡിമാന്റ് എന്നിവയും വാർഷിക ധനകാര്യ പത്രികയുമായി യോജിക്കുന്നില്ല.വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | വാർഷിക കണക്ക് പ്രകാരം(₹) | സഞ്ചയ സ്റ്റേറ്റുമെന്റ് പ്രകാരം(₹) | വ്യത്യാസം(₹) |
|---|---|---|---|---|
| 1 | നോൺ റെസിഡൻഷ്യൽ വസ്തു നികുതി കുടിശ്ശിക (കറന്റ്)ഡിമാന്റ് | 99,196.00 (B-15 19-20) | 21,72,230.00 | 20,73,034.00 |
| 2 | നോൺ റെസിഡൻഷ്യൽ വസ്തു നികുതി കുടിശ്ശിക (അരിയർ)ഡിമാന്റ് | 5,731.00 (B-15 19-20) | 1,11,719.00 | 1,05,988.00 |
| 3 | റെസിഡൻഷ്യൽ വസ്തു നികുതി കുടിശ്ശിക (കറന്റ്)ഡിമാന്റ് | 0 (B-15 19-20 ) | 8,46,076.00 | 8,46,076.00 |
| 4 | റെസിഡൻഷ്യൽ വസ്തു നികുതി കുടിശ്ശിക (അരിയർ)ഡിമാന്റ് | 0 (B-15 19-20 ) | 64,550.00 | 64,550.00 |
| 5 | നോൺ റെസിഡൻഷ്യൽ വസ്തു നികുതി കുടിശ്ശിക വരവ് | 1,02,337.00 | 1,11,719.00 | 9,382.00 |
| 6 | നോൺ റെസിഡൻഷ്യൽ & റെസിഡൻഷ്യൽ | 28,63,332.00(RP 45) | 30,18,306.00 | 1,22,281.00 |

| | | | | |
|---|---|---|---|---|
| | വസ്തു നികുതി കറന്റ് വരവ് | 32,693.00(B-9 19-20 )<br>ആകെ 28,86,025.00 | | |

10. ബാലൻസ് ഷീറ്റിൽ 'State Govt Cess/Levies In Property Tax (ലൈബ്രറി സെസ്സ്) ഇനത്തിലുള്ള തുക വസ്തുനികുതി സഞ്ചയ പത്രികമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ സ്റ്റേറ്റുമെന്റ് പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 1 | ലൈബ്രറി സെസ്സ് അരിയർ ഡിമാന്റ് | 6,219.00 (B-15, 18-19) | ലൈബ്രറി സെസ്സ് ഉൾപ്പെടുത്തിയിട്ടില്ല. | - |
| 2 | ലൈബ്രറി സെസ്സ് കറന്റ് ബാക്കി | 0 (B-15) | ലൈബ്രറി സെസ്സ് ഉൾപ്പെടുത്തിയിട്ടില്ല. | - |

11. I-18 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന Prior Period Income -ന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വിവരണം | തുക(₹) |
|---|---|---|
| 1 | Prior Period Income-Property Tax | 71,999.00 |
| 2 | Prior Period Income-Profession Tax | 700.00 |
| 3 | Prior Period Income-Rent Building | (-)1,300.00 |
| 4 | Prior Period Income-other Income | 1,77,036.00 |

12. RP4 – ൽ പെനാൽറ്റി, പീനൽ ഇന്ററസ്റ്റ്, മാര്യേജ്, ജനന/മരണ രജിസ്ട്രേഷൻ എന്നി വരവുകൾ പരിശോധിക്കുന്നതിനുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട മുഴുവൻ വരവുകളും ലഭിച്ചോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

13. RP4 – ൽ Re-Imbursement Of Other Expenses Incured (140700199) എന്ന ഹെഡ്ഡിൽ 35,770.00 രൂപ വരവുണ്ട്. പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

14.RP5 – ൽ Receipt From Tender Forms (150110101) എന്ന ഹെഡ്ഡിൽ 1,81,765.00 രൂപയും Receipt From Sale Of Scrap (150120102) എന്ന ഹെഡ്ഡിൽ 34,720.00 രൂപയും വരവുണ്ട്. പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

15.RP4 – ൽ Recipt From Unani(151100110) എന്ന ഹെഡ്ഡിൽ 6,14,994.00 രൂപ വരവുണ്ട്. പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

16. B-15 – ൽ Receivables Of Redemption(431500199) എന്ന ഹെഡ്ഡിൽ 21,85,021.00 രൂപയുണ്ട്. പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

17. അക്രൂവൽ ഇനങ്ങളായ തൊഴിൽ നികുതി - ട്രേഡ്സ്, ഡി&ഒ ലൈസൻസ് തുടങ്ങിയവക്ക് കൃത്യമായ ഡിമാൻറ് രജിസ്റ്റർ സൂക്ഷിക്കാതെ തൻവർഷത്തെ കളക്ഷൻ തുകയോടൊപ്പം മുൻവർഷം ലഭിച്ച അഡ്വാൻസ് തുക ചേർത്ത് ഡിമാൻറ് രേഖപ്പെടുത്തുന്ന രീതിയാണ് തുടർന്നുവരുന്നത്. ഇതുമൂലം തൻവർഷ കുടിശ്ശിക കണക്ക് പഞ്ചായത്തിൽ ലഭ്യമാകുന്നില്ല. തൊഴിൽ നികുതി - ട്രേഡ്സ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

18. Recivables Towards Market Reciept (RP-43) പ്രകാരം 33000/- ആണ്. എന്നാൽ, ലേല രജിസ്റ്റർ പ്രകാരം വരവ് 46000/- ആണ്.

19. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് സംയുക്ത പദ്ധതിയ്ക്കായി തൻവർഷം ലഭ്യമായ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

20. 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 137 പ്രകാരമുള്ള കെട്ടിടങ്ങളുടെ റെഗുലറൈസേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

21. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

22. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല. എന്നാൽ ഗ്രാമ പഞ്ചായത്ത് എഴുതി സൂക്ഷിക്കേണ്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ലഭിക്കാത്തതിനാൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം പരിശോധിച്ചുറപ്പിക്കാൻ സാധിച്ചിട്ടില്ല.

23. വാർഷിക ധനകാര്യ പത്രികയും ഡിപ്പോസിറ്റ് രജിസ്റ്ററുമായി താഴെ പറയുന്നവയിൽ പൊരുത്തപ്പെടുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | വിവരണം | വരവ്(₹) | | ചെലവ്(₹) | |
|---|---|---|---|---|---|
| | | RP33R | ഡെപ്പോസിറ്റ് രജിസ്റ്റർ | RP33P | ഡെപ്പോസിറ്റ് രജിസ്റ്റർ |
| 1 | Suppliers Earnest Deposit | 0 | 0 | 37,500.00 | 62,500.00 |
| 2 | Rent Deposit | 0 | 0 | 7,314.00 | 98,828.00 |
| 3 | Other Deposit | 500.00 | 1,500.00 | 0 | 0 |

24. Past Data Entry File(PDE) പ്രിന്റ് ഔട്ട് ലഭ്യമാക്കിയിട്ടില്ല.

25. RP 30 - ലുള്ള വരവ് പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പ്രത്യേക ഉദ്ദേശ്യ പരിപാടികൾക്ക് ലഭ്യമാകുന്ന ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കി ബാക്കി എന്നിവ കാണിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, പലവക ഡിമാൻഡ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

26. RP 3-യിലെ Lease Rentals(130800101) -ൽ ഉള്ള 21,000.00 വരവ് പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

27. Panchayath Fund -General Fund (310100101) നെഗറ്റീവ് ആണ് (₹- 2,29,132.00). വിശദീകരിക്കുക.

28. Licence Fee For Lodges രജിസ്റ്റർ പ്രകാരമുള്ള വരവ് (₹ 52,650.00) വാർഷിക കണക്കുമായി(₹ 32,400.00) യോജിക്കുന്നില്ല.

29. മുൻവർഷത്തെ AFS പരിശോധനയിൽ ചൂണ്ടിക്കാണിച്ച അപാകതകൾ നാളിതുവരെയും പരിഹരിച്ചിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/20-21/11.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-12 കർലാട് തടാകം- ഡി റ്റി പി സി യും പഞ്ചായത്തും തമ്മിൽ കരാർ വെക്കാത്തതിനാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പഞ്ചായത്തിന്റെ അറിവോടുകൂടി സെക്രട്ടറിയുടെ അനുമതിയില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

തരിയോട് ഗ്രാമ പഞ്ചായത്തിൽ കർലാട് തടാകത്തോട് ചേർന്നുള്ളതും 1992 ലെ SRO 383/92 ആധാര പ്രകാരം 108,300/- രൂപയ്ക്ക് വാങ്ങിയ 1 ഏക്കർ 14 സെന്റ് സ്ഥലവും 1995 ലെ SRO 412 /95 നം ആധാര പ്രകാരം 387500/- രൂപയ്ക്ക് തീറായി വാങ്ങിയ 2.5 ഏക്കർ സ്ഥലവും ഉൾപ്പെടെ ആകെ 3.64 ഏക്കർ സ്ഥലം ഡി റ്റി പി സി യ്ക്ക് ടൂറിസം പ്രവർത്തനങ്ങൾ നടത്തുന്നതിനായി കൈമാറാൻ 31/07/1999 തിയ്യതിയിലെ 220/99 നം. തീരുമാന പ്രകാരം ഭരണ സമിതി തീരുമാനിച്ചിരുന്നു. എന്നാൽ പ്രസ്തുത കൈമാറ്റം, കേരള പഞ്ചായത്ത് രാജ് ആക്ട് 236 ൽ 13 പ്രകാരമോ 2005 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും) ചട്ട പ്രകാരമോ നിയമാനുസൃത നിബന്ധനകൾ പാലിച്ച് സ്ഥലം ഏറ്റെടുക്കാൻ നാളിതുവരെയായിട്ടും ഡി. റ്റി. പി. സി. തയ്യാറായിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഡി. റ്റി. പി. സി. നിയമപരമായ കരാറുടമ്പടി പ്രകാരമല്ലാതെ കെട്ടിടം നിർമ്മിച്ച് ശ്രീ. ശ്രീധരൻ എന്നയാൾക്ക് സബ് ലീസിനു നൽകി (കെട്ടിടം നിർമ്മിച്ചതിനു അനുമതി വാങ്ങിയിരുന്നില്ല). കേരള പഞ്ചായത്തീരാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും ചട്ടങ്ങൾ 2005) റൂൾ 7 സബ് റൂൾ 3 ന് വിരുദ്ധമായി ഡി റ്റി പി സി ഭൂമി സബ്ലീസ് ചെയ്ത് വരുമാനമുണ്ടാക്കിക്കൊണ്ടിരിക്കെത്തന്നെ മൂന്നാം കക്ഷിയായ ശ്രീ. ശ്രീധരൻ പഞ്ചായത്തിനെതിരേ ബഹു ഹൈക്കോടതി മുൻപാകെ WPC-21409/19, WPC 4546/20, WPC35379/17(5) എന്നീ മൂന്നു കേസുകളും ബഹു കൽപ്പറ്റ മുൻസിഫ് കോടതിയിൽ രണ്ടു കേസുകളും ഫയൽ ചെയ്തതിനാൽ 150,000/- രൂപയോളം പഞ്ചായത്തിന് കേസ് നടത്തിപ്പിനായി ബാധ്യത ഉണ്ടായിട്ടുണ്ട്. 1999 മുതൽ നാളിതുവരെ ഡി റ്റി പി സി ഭൂമി കൈവശം വച്ച് കെട്ടിടങ്ങൾ നിർമ്മിച്ച് വിനോദ സഞ്ചാര പ്രവർത്തനങ്ങൾ നടത്തി ലാഭമുണ്ടാക്കിവരുകയാണ്. പഞ്ചായത്തുമായി കരാർ വെക്കാത്തതിനാൽ ഡി റ്റി പി സി 10 സ്വിസ് കോട്ടേജുകളും നാല് മൺകുടിലുകളും ഒരു റൂഫ് ടോപ്പ് റസ്റ്റോറന്റും പഞ്ചായത്തിന്റെ അനുമതി കൂടാതെയാണ് പ്രവർത്തിക്കുന്നത്.

ഫയലുകൾ പരിശോധിച്ചതിൽ നിന്ന് ഗ്രാമ പഞ്ചായത്ത് പലപ്പോഴായി ഡി റ്റി പി സി സെക്രട്ടറിയേയും ചെയർമാനേയും നേരിൽ കണ്ട് എഗ്രിമെന്റ് വെക്കുന്നതിന് ആവശ്യപ്പെട്ടിട്ടും നാളിതുവരെ ഗ്രാമപഞ്ചായത്ത് പഞ്ചായത്തീരാജ് ആക്ടിന് അനുസൃതമായി തയ്യാറാക്കിയ പാട്ടക്കരാർ അംഗീകരിക്കാൻ ഡി റ്റി പി സി തയ്യാറായിട്ടില്ല.ഇതിനെ തുടർന്ന് മേൽ വിഷയം 12/11/2020 തിയ്യതിയിൽ A4-999/18 കത്ത് മുഖേന ഉചിത മാർഗ്ഗേന സെക്രട്ടറി സർക്കാരിനെ അറിയിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പാട്ടക്കരാർ സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

ദൈനം ദിന ചെലവുകൾക്കുപോലും തനത് ഫണ്ട് പര്യാപ്തമല്ലാത്ത ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള സുപ്രധാന സ്ഥലത്ത് സ്ഥാപിക്കപ്പെട്ടിരുന്ന ആസ്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ട ന്യായമായ വരുമാനം യഥാസമയം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 പഞ്ചായത്തിന്റെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്തീരാജ് നിയമം വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്തു പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ ജോലിയിലോ കലയിലോ ഏർപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുടക്കു മുതലിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുന്നതുമായ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്.ഒന്നിൽ കൂടുതൽ തദ്ദേശ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഒടുക്കേണ്ടി വരുന്ന ഒരാളുടെ തൊഴിൽ നികുതി ഉയർന്ന നിരക്കിലുള്ള നികുതിയ്ക്ക് അർഹമായ തദ്ദേശ സ്വയം ഭരണ സ്ഥാപനം ഈടാക്കേണ്ടതും നിർണ്ണയിക്കപ്പെട്ട അനുപാതത്തിൽ മറ്റ് സ്ഥാപനങ്ങൾക്ക് വീതിച്ചു കൊടുക്കേണ്ടതുമാണ്.

തരിയോട് ഗ്രാമ പഞ്ചായത്തിൽ പഞ്ചായത്തിന്റെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരിൽ നിന്നും 2020-21 സാമ്പത്തിക വർഷം ചട്ടം 16(1) പ്രകാരം സെക്രട്ടറി തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ കരാറുകാർ തൊഴിൽ നികുതി അടവാക്കുകയോ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

LSGD എൻജിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം 2020-21 സാമ്പത്തിക വർഷം 13 അംഗീകൃത കരാറുകാർ ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയിട്ടുണ്ട്. കരാറുകാരുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | കരാറുകാരന്റെ പേര് |
|---|---|
| 1 | ഓമനൻ കെ |
| 2 | രഞ്ജിത്ത് കെ |

| | |
|---|---|
| 3 | കോട്ടത്തറ ലേബർ കോൺട്രാക്ടേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി |
| 4 | എ എം ജോസഫ് |
| 5 | സതീഷ് ജോയ് |
| 6 | ഷിബി ഇ |
| 7 | മൊയ്ദു ഓണിച്ചൻ |
| 8 | കെ ഉണ്ണികൃഷ്ണൻ |
| 9 | വിൽസൺ |
| 10 | അർഷാദ് |
| 11 | സെബാസ്റ്റ്യൻ ഒ ജെ |
| 12 | റഫാസ് കെ |
| 13 | അന്ത്രു പി |

ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെയോ ഈ കരാറുകാർ മറ്റ് ഏതെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെയോ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 06/2020-21/ 06.07.2022) തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്വകാര്യ വണ്ടിത്താവളം ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

1994 ലെ കേരള പഞ്ചായത്തീരാജ് ആക്ട് സെക്ഷൻ 228 പ്രകാരം പഞ്ചായത്തിന്റെ അനുമതി കൂടാതെ സ്വകാര്യ വണ്ടിത്താവളങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുവാൻ പാടുള്ളതല്ല.

തരിയോട് ഗ്രാമപഞ്ചായത്തിൽ 3-ാം വാർഡിൽ ശ്രീമതി കൗസല്യ കണ്ടോത്തു പാറ എന്നവർ പഞ്ചായത്തിന്റെയോ മോട്ടോർ വാഹന വകുപ്പിന്റെയോ അനുമതി കൂടാതെ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും, ഡി റ്റി പി സി നിയമപരമായ കരാർ പ്രകാരമല്ലാതെ കൈവശം വച്ച ടൂറിസം പ്രവർത്തനത്തിലൂടെ വരുമാനം ഉണ്ടാക്കി വരുന്നതുമായ റി സ നമ്പർ 264/8,264/9 ഭൂമിയോട് ചേർന്നു കിടക്കുന്ന റി സ നമ്പർ 264/13 സ്ഥലത്ത് ലേക്ക് വ്യൂ പാർക്കിംഗ് കർലാട് എന്ന പേരിലുള്ള ബോർഡ് വെച്ച് പാർക്കിംഗ് രസീതി നൽകി അനധികൃത വാഹന വിരാമ കേന്ദ്രങ്ങൾ പ്രവർത്തിപ്പിച്ച്

വരുമാനമുണ്ടാക്കി വരുന്നതായി ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്വകാര്യ വണ്ടിത്താവളങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണെന്ന കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 03/2020-21/ 05.07.2022) മറുപടിയായി സെക്രട്ടറി അറിയിച്ചു. 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-3 ൽ സ്വകാര്യ വണ്ടിത്താവളങ്ങൾ ലൈസൻസ് കൂടാതെ കർലാട് തടാക പരിസരത്ത് പ്രവർത്തിപ്പിക്കുന്നതായി പരാമർശം ഉണ്ടായിട്ടും പഞ്ചായത്ത് ഈ വിഷയത്തിൽ നാളിതുവരെ കാര്യമായ നടപടികൾ കൈക്കൊണ്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 228, 1995 ലെ കേരള പഞ്ചായത്ത് രാജ് ( ഇറക്കു സ്ഥലങ്ങൾ,വിരാമ സ്ഥലങ്ങൾ,വണ്ടിത്താവളങ്ങൾ,മറ്റു വാഹന സ്റ്റാൻഡുകൾ) ചട്ടങ്ങളിലെ 22 മുതൽ 30 വരെയുള്ള ചട്ടങ്ങൾ എന്നിവ പ്രകാരം സ്വകാര്യ വണ്ടിത്താവളങ്ങൾ തുറക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.എന്നാൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെയാണ് ലേക്ക് വ്യൂ പാർക്കിംഗ് കർലാട് പ്രവർത്തിക്കുന്നത്. സ്ഥാപനത്തിനെതിരേ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 228, 257(പിഴ -1,000/-രൂപ), 1995 ലെ കേരള പഞ്ചായത്ത് രാജ് ( ഇറക്കു സ്ഥലങ്ങൾ,വിരാമ സ്ഥലങ്ങൾ,വണ്ടിത്താവളങ്ങൾ,മറ്റു വാഹന സ്റ്റാഡുകൾ) ചട്ടങ്ങളിലെ 22 മുതൽ 30 വരെയുള്ള ചട്ടങ്ങൾ എന്നിവ പ്രകാരം നടപടിയെടുത്ത് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-15 വാടകയിളവ് നൽകിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25/01/2021 തിയ്യതിയിലെ 4/01 നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടമുറികൾ ലേലം കൊണ്ടിട്ടുള്ള കച്ചവടക്കാർക്ക് 2020-21 വർഷം ഏപ്രിൽ മുതൽ സെപ്റ്റംബർ മാസം വരെയുള്ള കാലയളവിൽ 2,03,542/- രൂപ വാടകയിളവ് നൽകിയിട്ടുണ്ട്.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29/06/2020 തിയ്യതിയിലെ സർക്കാർ ഉത്തരവ് (സാധാ)നം.1278/20 ഉത്തരവ് നിബന്ധന 1 പ്രകാരം ലോക്ക് ഡൗൺ കാലയളവിൽ തുറക്കാൻ അനുവാദമില്ലാത്ത സ്ഥാപനങ്ങളെ മാത്രമേ വാടക ഇളവിനായി പരിഗണിക്കാൻ പാടുള്ളൂ. എന്നാൽ ഗ്രാമ പഞ്ചായത്ത് വാടക ഇളവ് നൽകിയ നാല് കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലോക്ഡൗൺ കാലയളവിൽ തുറന്നു പ്രവർത്തിക്കാൻ അനുമതിയുള്ളതാണ്.

കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ 24/03/2020 തിയ്യതിയിലെ 1/29/2020 PP(Pt-II) ഉത്തരവ് പ്രകാരം ഭക്ഷ്യ വസ്തുക്കൾ വിൽക്കുന്ന കടകൾ തുറന്നു പ്രവർത്തിപ്പിക്കാവുന്നതാണ്. ഇതിനെത്തുടർന്ന് സമയാസമയങ്ങളിൽ ഇറക്കിയ പുതുക്കിയ ഉത്തരവുകളിലും മേൽ കടകൾ തുറന്നു പ്രവർത്തിപ്പിക്കാവുന്നതാണ്. എന്നാൽ ഈ സ്ഥാപനം വാടക ഇളവ് നൽകിയ കാലയളവിൽ തുറന്നു പ്രവർത്തിച്ചിരുന്നില്ല എന്ന് തെളിയിക്കുന്ന രേഖകൾ( പ്രാദേശികമായ ലോക്ഡൗണുകൾ, കൺടെയ്ൻമെന്റ് സോൺ നിയന്ത്രണങ്ങൾ മുതലായവ പരിശോധിച്ചുള്ള വിവരങ്ങൾ) ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം കടകൾക്ക് വാടകയിനത്തിൽ ഇളവ് അനുവദിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിൽ കുറവ് വരുത്തുന്ന നടപടിയാണ്.ഗ്രാമപഞ്ചായത്ത് നൽകിയ വാടകയിളവ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| കെട്ടിട നം | സ്ഥാപനത്തിന്റെ/ കൈവശക്കാരന്റെ പേര് | വ്യാപാരത്തിന്റെ സ്വഭാവം | 2020-21 കാലയളവിൽ നൽകിയ നികുതിയിളവിന്റെ വിവരം | ഇളവ് നൽകിയ തുക |
|---|---|---|---|---|
| 9/457 | സാജിദ് പുത്തൂർ | കോഴി വ്യാപാരം | 6 മാസം 75% ഇളവ് | 20,672 |
| 9/458 | സാജിദ് പുത്തൂർ | കോഴി വ്യാപാരം | 6 മാസം 75% ഇളവ് | 52,095 |
| 9/459 | ഷമീർ കുന്നത്ത് | കോഴി വ്യാപാരം | 6 മാസം 75% ഇളവ് | 66,894 |
| 9/460 | ഫൈസൽ കുന്നത്ത് | കോഴി വ്യാപാരം | 6 മാസം 75% ഇളവ് | 51,258 |
| ആകെ | | | | 1,90,919/- |

ലോക്ഡൗൺ കാലത്ത് തുറന്നു പ്രവർത്തിക്കാൻ അനുമതിയുള്ളതാണ് മേൽ കടകൾ.എന്നാൽ ഈ സ്ഥാപനം വാടക ഇളവ് നൽകിയ കാലയളവിൽ തുറന്നു പ്രവർത്തിച്ചിരുന്നില്ല എന്ന് തെളിയിക്കുന്ന രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം കടകൾക്ക് വാടകയിനത്തിൽ ഇളവ് അനുവദിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിൽ കുറവ് വരുത്തുന്ന നടപടിയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. വാടക രജിസ്റ്റർ പരിശോധയിൽ

55,124/-രൂപ കെട്ടിടം ഒഴിഞ്ഞു കിടന്ന വകയിൽ നവംബർ മാസം മുതൽ മാർച്ച് മാസം വരെ വാടകയിളവ് അനുവദിച്ചിട്ടുണ്ട്. ഈ ഇളവ് തുക അനുവദിച്ചത് ആർക്കൊക്കെയാണെന്നും ഏതിനത്തിലാണെന്നും രേഖകൾ സഹിതം വിശദീകരിക്കേണ്ടതാണെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 05/2020-21/ 04.07.2022) മറുപടിയായി 9/457 നം. മാർക്കറ്റ് കെട്ടിടം സാജിദ് പുത്തൂർ എന്നയാൾ നവംബർ മാസത്തിൽ കുത്തകാവകാശം ഒഴിവാക്കി തിരികെ ഏൽപ്പിച്ചതിനാൽ 13,781/-രൂപ വീതം നാലു മാസത്തെ വാടകയായ 55,124/-രൂപ ഡിമാന്റിൽ നിന്നും ഒഴിവാക്കിയതാണെന്നാണ് സെക്രട്ടറി അറിയിച്ചത്. കുത്തകാവകാശം ഒഴിവാക്കി തിരികെ ഏൽപ്പിച്ചതിന്റെ രേഖകളും തുക ഡിമാന്റിൽ കുറവ് വരുത്തുന്നതിനുള്ള ഭരണ സമിതി തീരുമാനവും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.55,124/-രൂപ വാടക ഡിമാന്റിൽ നിന്നും കുറവു വരുത്താനെടുത്ത ഭരണ സമിതി തീരുമാനവും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കുത്തകാവകാശം ഒഴിവാക്കി തിരികെ ഏൽപ്പിച്ചതിന്റെ രേഖകളും തുക ഡിമാന്റിൽ കുറവ് വരുത്തുന്നതിനെടുത്ത ഭരണ സമിതി തീരുമാനവും ഓഡിറ്റിന് ഹാജരാക്കേണ്ടതും, സർക്കാർ ഉത്തരവിന് അനുസൃതമായാണ് വാടകയിളവ് നൽകിയതെന്ന് ഉറപ്പു വരുത്തേണ്ടതും വാടകയിളവ് നൽകിയ മാസങ്ങളിൽ മേൽ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിച്ചിരുന്നോ എന്ന് പരിശോധിച്ചുറപ്പു വരുത്തി അറിയിക്കേണ്ടതുമാണ്.

## 1-16 വിവിധകുടിവെള്ള പദ്ധതികൾക്കായി തുക നല്കിയതിന്റെ വിനിയോഗവിവരങ്ങൾ ലഭ്യമല്ല

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന കുടിവെള്ള പദ്ധതികളുടെ ഗാർഹികകണക്ഷനു വേണ്ടി വാട്ടർ അതോറിറ്റിക്ക് നല്കിയ തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമല്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് വിവരങ്ങൾ | ചെലവഴിച്ച തുക | ബിൽ നം/തിയ്യതി | അപാകത |
|---|---|---|---|
| പ്രോജക്ട് നമ്പർ-8/20-21<br>പ്രോജക്ട്-അതിരത്തിൽ കോളനി കുടിവെള്ള പദ്ധതി ഗാർഹിക കണക്ഷൻ-<br>ഫണ്ട് -ടി.എസ്.പി<br>അടങ്കൽ-150000/-<br>ചെലവ്-150000/- | 150000/- | 26/25-3-21 | വിനിയോഗവിവരം ലഭ്യമല്ല |
| പ്രോജക്ട് നമ്പർ-11/20-21<br>പ്രോജക്ട്-ചെക്കണ്ണിക്കുന്ന് കുടിവെള്ളപദ്ധതി ഗാർഹിക കണക്ഷൻ-<br>ഫണ്ട് -ടി.എസ്.പി<br>അടങ്കൽ-150000/-<br>ചെലവ്-150000/- | 150000/- | 30/25-3-21 | വിനിയോഗവിവരം ലഭ്യമല്ല |
| പ്രോജക്ട് നമ്പർ-9/20-21<br>പ്രോജക്ട്-കളരിക്കോട്ട് കുടിവെള്ള പദ്ധതി ഗാർഹികകണക്ഷൻ<br>ഫണ്ട് -ടി.എസ്.പി<br>അടങ്കൽ-300000/-<br>ചെലവ്-300000/- | 300000/- | 27/25-3-21=150000/-<br>28/25-3-21=150000/- | വിനിയോഗവിവരം ലഭ്യമല്ല |
| പ്രോജക്ട് നമ്പർ-238/20-21<br>പ്രോജക്ട്-മാത്തുവയൽ കോളനി കുടിവെള്ള പദ്ധതി ഗാർഹിക കണക്ഷൻ<br>ഫണ്ട് -ടി.എസ്.പി<br>അടങ്കൽ-150000/-<br>ചെലവ്-150000/- | 150000/- | 33/24-3-21 | പ്രവൃത്തിയുടെ നിലവിലെ അവസ്ഥ ലഭ്യമല്ല. |
| പ്രോജക്ട് നമ്പർ-9/20-21<br>പ്രോജക്ട്-കുനിയിൽ കോളനി കുടിവെള്ള | 150000/- | 25/13-8-2020 | വിനിയോഗവിവരം ലഭ്യമല്ല |

| | | | |
|---|---|---|---|
| പദ്ധതി ഗാർഹിക കണക്ഷൻ<br>ഫണ്ട് -ടി.എസ്.പി<br>അടങ്കൽ-150000/-<br>ചെലവ്-150000/- | | | |
| ആകെ | 900000/- | | |

വിനിയോഗവിവരങ്ങൾ ലഭ്യമാക്കാത്തതിന് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി നം.17/14.07.2022 ന് മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-17 തെരുവുവിളക്കുകൾ വാങ്ങി സ്ഥാപിക്കൽ-പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരമില്ല

പ്രോജക്ട് നമ്പർ-119/20-21

പ്രോജക്ട് -തെരുവുവിളക്കുകൾ വാങ്ങി സ്ഥാപിക്കൽ

ഫണ്ട്-ധനകാര്യകമ്മീഷൻ അവാർഡ്

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ-261078/-

ചെലവ്-260600/-ബിൽ നമ്പർ 2/17-5-20

ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സ്ഥാപിക്കുന്നതിനായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| തെരുവുവിളക്കിന്റെ ഇനം | എണ്ണം | നിരക്ക് | നല്കിയ തുക |
|---|---|---|---|
| ഓട്ടോമാറ്റിക്ക് | 54 | 2900 | 156600/- |
| മാനുവൽ | 40 | 2600 | 104000/- |
| | | ആകെ | 260600 |

എന്നാൽ മേൽ സാധനങ്ങൾ വാങ്ങിയത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെയല്ല. മുൻ സാമ്പത്തികവർഷം സാധനങ്ങൾ വാങ്ങിയതിന്റെ വിലയായി 7,24,701/- രൂപ നൽകാനുണ്ടായിരുന്നു.അതിൽ മുൻ സാമ്പത്തിക വർഷം വർഷം 4,64,101/- രൂപ ചെലവഴിച്ചതിന്റെ ബാക്കി തുകയാണ് ഈ സാമ്പത്തികവർഷം നല്കിയത്(ചെലവ് തുക 2,60,600/ ബിൽ നം. 2/17.05.20) .സാധനങ്ങൾ വാങ്ങിയതിന് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കാത്തതിന് വിശദീകരണം നല്കേണ്ടതാണെന്ന അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻക്വയറി 17/14-7-2022)മറുപടി ലഭ്യമാക്കാത്തതിനാൽ തുക തടസ്സം ചെയ്യുന്നു.

## 1-18 ഓഫീസ് കംപ്യൂട്ടർവത്കരണം-പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരമില്ലാതെ കംപ്യൂട്ടറുകൾ വാങ്ങി

പ്രോജക്ട് നമ്പർ-195/20-21

പ്രോജക്ട്-ഓഫീസ് കംപ്യൂട്ടർവത്കരണം

അടങ്കൽ-3,00,000/-

ചെലവ്-2,38,782/-

ഫണ്ട്-തനത്

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ഓഡിറ്റ് വർഷത്തിൽ ഓഫീസ് കംപ്യൂട്ടർവത്കരണത്തിന്റെ ഭാഗമായി 6 ഏസർ കമ്പ്യൂട്ടറുകൾ കെൽട്രോണിൽ നിന്ന് വാങ്ങിയതിന് 2,38,782/- രൂപ തനത്ഫണ്ടിൽ നിന്ന് ചെലവഴിച്ചു.(ഓർഡർ നമ്പർ 199/12-3-21)എന്നാൽ മേൽ പർച്ചേസുകൾക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം നല്കിയിട്ടില്ല.അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 17/14-7-2022ക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ തടസ്സം ചെയ്യുന്നു.

## 1-19 കുടിവെള്ളടാപ്പുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു .

ഓഡിറ്റ് വർഷത്തിൽ കുടിവെള്ളടാപ്പുകൾക്കുള്ള ചാർജ്ജ് താഴെപ്പറയും പ്രകാരം നല്കിയിട്ടുണ്ട്.

| വൗച്ചർ നമ്പർ/തിയ്യതി | നല്കിയ തുക |
|---|---|
| 2200038/27-4-20 | 45938/- |
| 22000117/28-5-20 | 45938/- |
| 22000203/23-6-20 | 45938/- |
| 22000301/23-7-20 | 45938/- |
| 22000002/30-9-20 | 45938/- |
| 42000002/30-9-20 | 45938/- |
| 42000040/31-10-20 | 45938/- |
| 42000093/28-12-20 | 45938/- |
| 42000134/30-12-20 | 45938/- |
| 42000238/18-3-21 | 45938/- |
| 42000240/18-3-21 | 45938/- |
| 42000328/30-3-21 | 45938/- |
| ആകെ | 551256/- |

ഫയൽ പരിശോധനയിൽ പഞ്ചായത്തിൽ ആകെ 105 കുടിവെള്ളടാപ്പുകളാണ് ഉള്ളത്. 5250 രൂപയാണ് ഒരു ടാപ്പിന് ഈടാക്കുന്നത് .എന്നാൽ മേൽ ടാപ്പുകൾ പഞ്ചായത്തിന്റെ ഏതേത് ഭാഗങ്ങളിലാണ് സ്ഥാപിച്ചിരിക്കുന്നതെന്ന വിവരങ്ങൾ ലഭ്യമല്ല.പഞ്ചായത്തും വാട്ടർഅതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ആയതിനാൽ പ്രവർത്തനരഹിതമായ ടാപ്പുകൾ കണ്ടെത്തി അവയ്ക്ക് ആനുപാതികയമായ കുറവ് ചാർജ്ജിൽ നിന്ന് വരുത്തുവാൻ നടപടി സ്വീകരിച്ചില്ല. അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 16/14-7-2022 ക്ക് മറുപടി ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 1-20 തനത്ഫണ്ട് പരിശോധന-ഐ.എൽ.ജി.എം.എസിൽ ചെലവ് രേഖകൾ കൃത്യമല്ല.

ഗ്രാമപഞ്ചായത്തിൽ 1-10-2020 ന് ശേഷം തനത്ഫണ്ട് ചെലവുകൾ ഐ.എൽ.ജി.എം.എസിൽ ആണ് ചെയ്തിതിരിക്കുന്നത്.ആയതിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ കോഡ് നമ്പർ 230000000 നമ്പറായി ഓപ്പറേഷൻസ് ആന്റ് മെയിന്റനൻസ് ശീർഷകത്തിൽ 1-12 ഷെഡ്യൂൾ പ്രകാരം 816056 രൂപയാണ് ലെഡ്ജറിൽ കാണുന്നത്.ആയതിൽ 12 ഇനങ്ങളിലായിട്ടാണ് മേൽ ചെലവുകൾ കാണുന്നത് .ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കോഡ് | ഇനം | ഷെഡ്യൂൾ നമ്പർ | തുക |
|---|---|---|---|
| 230100101 | തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് | 1-12 | 91599 |
| 230100202 | ഇന്ധന ചെലവുകൾ | 1-12 | 39988 |
| 2301100101 | കുടിവെള്ള ടാപ്പുകളുടെ ചാർജ്ജ് | 1-12 | 275628 |
| 230400101 | വാഹനം വാടകക്ക് എടുക്കൽ | 1-12 | 142150 |
| 230500102 | റിപ്പയർ ആന്റ് മെയിന്റനൻസ് | 1-12 | 9912 |
| 230500102 | റിപ്പയർ ആന്റ് മെയിന്റനൻസ് | 1-12 | |
| 230500105 | റിപ്പയർ ആന്റ് മെയിന്റനൻസ് | 1-12 | 54980 |

| | | | |
|---|---|---|---|
| 230500902 | റിപ്പയർ ആന്റ് മെയിന്റനൻസ് | 1-12 | 14993 |
| 230500903 | റിപ്പയർ ആന്റ് മെയിന്റനൻസ് | 1-12 | 6625 |
| 230500904 | റിപ്പയർ ആന്റ് മെയിന്റനൻസ് | 1-12 | 37545 |
| 230500999 | റിപ്പയർ ആന്റ് മെയിന്റനൻസ് | 1-12 | 13800 |
| 230800110 | സാനിട്ടേഷൻ ചെലവുകൾ | 1-12 | 1571 |
| 23080113 | കോവിഡ് കാലചെലവുകൾ | 1-12 | 127265 |
| | | ആകെ | 816056 |

ഇതിൽ ക്രമനമ്പർ 1 പ്രകാരമുള്ള തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ വന്ന ചെലവ്(കോഡ് നമ്പർ 230100101) 91599രൂപയുടെ വൗച്ചർ വിവരങ്ങളുടെ ഫയൽ എക്സ്ട്രാക്ട് പരിശോധനയിൽ കാണുന്നത് 23779956 രൂപയാണ്(വൗച്ചർ നമ്പർ 49900002/23-9-20).ഫയൽ എക്സ്ട്രാക്ട് വിവരങ്ങളിൽ കെ.എസ്.ഇ.ബി യുടെ ഡിമാന്റ് നോട്ടീസ് കാണുന്നില്ല.അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 16/14-7-2022 ക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-21 എസ്.എസ്.എക്ക് തുക നല്കിയത് -വിനിയോഗവിവരങ്ങൾ ലഭ്യമല്ലാത്തതും മറ്റ് അപാകതകളും

| പ്രോജക്ട് വിവരങ്ങൾ | തുക | ബിൽനം/തിയ്യതി | അപാകത |
|---|---|---|---|
| പ്രോജക്ട് നമ്പർ-89/20-21<br>പ്രോജക്ട്-എസ്.എസ്.എ വിഹിതം നല്കിയത്<br>ഫണ്ട് -പൊതുവിഭാഗം<br>അടങ്കൽ-480662/-<br>ചെലവ്-480662/- | 332862/- | 1/13-10-20 | വിനിയോഗവിവരം ലഭ്യമല്ല |
| | 147800/- | 2/29-3-21 | വിനിയോഗവിവരം ലഭ്യമല്ല |

പഞ്ചായത്തിന്റെ കീഴിൽ വരുന്ന പ്രൈമറിസ്കൂളുകളിൽ കുട്ടികൾക്ക് യൂണിഫോം,ടെക്സ്റ്റ്ബുക്ക്,പരിശീലനങ്ങൾ ,മെയിന്റനൻസ് എന്നിവക്കുള്ള പഞ്ചായത്ത് വിഹിതമാണ് മേൽ ബില്ലുകൾ പ്രകാരം നല്കിയത്.എന്നാൽ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളുകളിൽ തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.എസ്.എസ്.എയുടെ ജില്ലാ കോർഡിനേറ്റർ നല്കിയ ചെലവുവിവരങ്ങളിൽ പാഠപുസ്തകത്തിനും,യൂണിഫോമിനും ചെലവഴിച്ച തുക എത്രയെന്ന് കാണുന്നില്ല.ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിൽ എൽ.എസ്.ജി ഷെയറായ 1820911 രൂപയും ഫിനാൻഷ്യൽ അച്ചീവ്മെന്റ് തുകയായി 23,43,202/- രൂപയുമാണ് കാണുന്നത്.ഗ്രാമപഞ്ചായത്ത് നല്കിയ 4,80,662/-രൂപ പഞ്ചായത്തിന്റെ അധീനയിലുള്ള വിദ്യാലയങ്ങളിൽ ചെലവഴിച്ചതിന്റെ വിവരം ലഭ്യമല്ല.

അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന് സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 15/14-7-2022 ന് മറുപടി ലഭ്യമാക്കിയില്ല. അപാകതയുടെ അടിസ്ഥാനത്തിൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-22 പട്ടികവർഗ്ഗ തുടർസാക്ഷരത തുടർ പദ്ധതി-തുടർ നടപടി സ്വീകരിക്കുന്നില്ല

പ്രോജക്റ്റ് നമ്പർ -99/2021

പ്രോജക്റ്റ് -പട്ടികവർഗ്ഗ തുടർ സാക്ഷരത തുടർ പദ്ധതി

അടങ്കൽ-1,00,000/-

ചെലവ്-49,385/-(ബിൽ നമ്പർ 3/29-3-21)

ഫണ്ട്-ടി.എസ്.പി

ചെലവ് വിവരങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ/തിയ്യതി | ഇനം | നല്കിയ തുക | കൈപ്പറ്റിയ വ്യക്തി |
|---|---|---|---|
| 1/30-3-21 | തുടർപഠനകേന്ദ്രങ്ങളിൽ പഠിപ്പിച്ച വകയിൽ | 3000/- | ബിന്ദുരാമൻ |
| 2/30-3-21 | തുടർപഠനകേന്ദ്രങ്ങളിൽ പഠിപ്പിച്ച വകയിൽ | 3000/- | പുഷ്പ.സി.പി |
| 3/30-3-21 | തുടർപഠനകേന്ദ്രങ്ങളിൽ പഠിപ്പിച്ച വകയിൽ | 3000/- | സിന്ധു.ആർ |
| 4/30-3-21 | തുടർപഠനകേന്ദ്രങ്ങളിൽ പഠിപ്പിച്ച വകയിൽ | 3000/- | കവിത |
| 5/30-3-21 | തുടർപഠനകേന്ദ്രങ്ങളിൽ പഠിപ്പിച്ച വകയിൽ | 3000/- | മഞ്ജുഷ.ടി.എസ് |
| 6/30-3-21 | തുടർപഠനകേന്ദ്രങ്ങളിൽ പഠിപ്പിച്ച വകയിൽ | 3000/- | രാധിക |
| 7/30-3-21 | തുടർപഠനകേന്ദ്രങ്ങളിൽ പഠിപ്പിച്ച വകയിൽ | 3000/- | റിനിസെന്നി |
| 8/30-3-21 | തുടർപഠനകേന്ദ്രങ്ങളിൽ പഠിപ്പിച്ച വകയിൽ | 3000/- | ദീപമോൾ |
| 9/30-3-21 | തുടർപഠനകേന്ദ്രങ്ങളിൽ പഠിപ്പിച്ച വകയിൽ | 3000/- | അനില.ജി |
| 10/30-3-21 | തുടർപഠനകേന്ദ്രങ്ങളിൽ പഠിപ്പിച്ച വകയിൽ | 3000/- | ലേഖ.കെ.ജെ |
| 11/30-3-21 | തുടർപഠനകേന്ദ്രങ്ങളിൽ പഠിപ്പിച്ച വകയിൽ | 3000/- | സൗമ്യ വാസു |
| ബിൽനം 30/18-2-21 | പരിശീലകർക്കുള്ള ഭക്ഷണം | 2700 | ബ്ലൂ ലൈൻ റസ്റ്റോറന്റ് |
| ബിൽനം 284/തിയ്യതി ഇല്ല | ബുക്ക് വാങ്ങിയത് | 270 | A One Fancy |
| ബിൽനം 1041/തിയ്യതി ഇല്ല | ബുക്ക് വാങ്ങിയത് | 718 | P.K.Associates |
| ബിൽനം 30/18-2-21 | പരിശീലകർക്കുള്ള ഭക്ഷണം | 2500 | ബ്ലൂ ലൈൻ റസ്റ്റോറന്റ് |
| ഇൻവോയ്സ് നമ്പർ 431/7/10714 /24-2-21 | ബുക്കുകളും സ്റേഷനറികളും വാങ്ങിയത് | 4738 | ത്രിവേണി സൂപ്പർ മാർക്കറ്റ് |

| | | | |
|---|---|---|---|
| 431/7/10712 /24-2-21 | ബുക്കുകളും സ്റേഷനറികളും വാങ്ങിയത് | 5959 | ത്രിവേണി സൂപ്പർ മാർക്കറ്റ് |
| | ആകെ | 49885/- 49385/-രൂപയിൽ ലിമിറ്റ് ചെയ്തു | |

പഠനം മുടങ്ങിയവർ,നിരക്ഷരർ എന്നിവർക്ക് തുടർ പഠനം സാദ്ധ്യമാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.ലഭ്യമാക്കിയ രേഖകൾ പ്രകാരം 201 പേർ നിരക്ഷരരും 10 പേർ വിദ്യാഭ്യാസം മുടങ്ങിയവരും ആണ്.

ഈ തുടർസാക്ഷരതാ പദ്ധതിക്ക് ശേഷം ആയതിന്റെ തുടർനടപടികൾ ഉണ്ടായിട്ടില്ല.പദ്ധതി ഇപ്പോൾ നടത്താത്തതിനാൽ ഗുണഭോക്താക്കൾ പഠിച്ചത് മറന്നുപോകുന്ന സാഹചര്യം നിലവിലുണ്ടെന്ന് സാക്ഷരതാപ്രേരക് അറിയിച്ചു.പദ്ധതിയിലൂടെ പത്രം വായിക്കുവാനും,സ്വന്തം പേര് എഴുതാനും,ബാങ്കിടപാട് നടത്താനുമുള്ള പ്രാപ്തി കൈവരിച്ചുവെന്നും പ്രേരക് കൂട്ടിചേർത്തു. ഗുണഭോക്താക്കളുടെ സാക്ഷരത പ്രവർത്തനങ്ങൾ പ്രേരകുമാർ നിരീക്ഷിക്കേണ്ടതും വായനയുൾപ്പടെയുള്ള പുനഃ പ്രവർത്തനങ്ങൾ തുടരാൻ ഗുണഭോക്താക്കളെ പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-23 ഭക്ഷ്യധാന്യം വാങ്ങിയത് സ്റ്റോക്കിലെടുത്തില്ല

പ്രോജക്ട് നമ്പർ-88/20-21

പ്രോജക്ട് -അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി

ഫണ്ട്-ടി.എസ്.പി

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഐ സി ഡി എസ് സൂപ്പർവൈസർ

അടങ്കൽ-1060000/-

ചെലവ്-1058035/-

ചെലവ് തുക-306824/-ബിൽ നമ്പർ 10/13-10-20

ഓഡിറ്റ് വർഷത്തിൽ വിവിധ അങ്കണവാടികളിലേക്കായി ഭക്ഷ്യധാന്യം വാങ്ങി നല്കുവാൻ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ഭക്ഷ്യധാന്യം | എണ്ണം/kg | നിരക്ക് | നല്കിയ തുക |
|---|---|---|---|
| വെളിച്ചെണ്ണ | 310 പാക്കറ്റ് | 175.24/- | 54324/- |
| ഗോതമ്പ് | 2425 Kg | 44/- | 106700/- |
| ഉഴുന്ന് | 134 Kg | 90/- | 12060/- |
| ശർക്കര | 117 Kg | 54/- | 6318/- |
| റാഗി | 138 Kg | 60.95/- | 8411/- |
| ചെറുപയർ | 107 Kg | 90/- | 9630/- |
| | | GST | 1568.39 |
| | | GST | 1568.39 |
| | | ആകെ | 200580/- |

ഇതിൽ 11 -ാം മൈൽ അങ്കണവാടിയുടെ ഫുഡ് സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ മെയിൻ സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള 50 കിഗ്രാം ഗോതമ്പ്,3 കിഗ്രാം ഉഴുന്ന്,10 പാക്കറ്റ് എണ്ണ എന്നീ ഭക്ഷ്യഇനങ്ങൾ അവരുടെ സ്റ്റോക്കിൽ വന്നിട്ടില്ല.ആയതിന് വിശദീകരണം നല്കേണ്ടതാണെന്ന് നല്കിയ ഓഡിറ്റ് എൻക്വയറി 14/14-7-2022 ക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത അളവ് ഭക്ഷ്യധാന്യങ്ങൾ ആ മാസം സ്റ്റോക്കിൽ ചേർക്കാൻ വിട്ടുപോയത് തൊട്ടടുത്ത മാസം ചേർത്തിട്ടുണ്ടെന്നും ആയത് വിതരണം ചെയ്തതിന്റെ വിവരങ്ങൾ വേറൊരു പുസ്തകത്തിൽ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുകയും ചെയ്തു.കൂടാതെ അങ്കണവാടി നിന്ന പ്രദേശം കണ്ടയ്മെന്റ് സോൺ ആയിരുന്നുവെന്നും മറുപടി ലഭ്യമാക്കി.അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ,എൻ.ആർ.എച്ച്.എം അറ്റൻഡർക്ക് വേതനം - അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കലൽ ഓഫീസർ

അടങ്കൽ - 7,00,000/- ( മെയിന്റനൻസ് ഫണ്ട്, റോഡിതരം)

ചെലവ് - 6,24,800/-

പഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനും എൻ.ആർ.എച്ച്.എം അറ്റൻഡർക്ക് ദിവസ വേതനം നൽകുന്നതിനുമാണ്പദ്ധതി നടപ്പാക്കിയത്. ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

### 1-24-1 മരുന്ന് ലഭ്യമായില്ല

മേൽ പദ്ധതിയിൽ 5,00,000/- (07/20-21/28.10.2020) രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് ഹോംകോയ്ക്ക് തുക നൽകുകയും മരുന്നുകൾ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ LF 2326/21.01.2022 ഇൻവോയ്സ് പ്രകാരം ലഭ്യമാക്കിയ ലിസ്റ്റിൽ Echinacea Oil (Sl No.72 – 112 എണ്ണം @60+ ജി.എസ്.ടി = 7056/-) ലഭ്യമായിട്ടില്ല.മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 13/-21 / 14.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. 7056/- രൂപ തടസ്സത്തിൽ വെക്കുന്നു.

### 1-24-2 എൻ.ആർ.എച്ച്.എം അറ്റൻഡർക്ക് വേതനം - മുൻകൂർ അനുമതി ലഭ്യമാക്കിയില്ല

ഭരണ സമിതി തീരുമാനം നം. 4/7 തിയ്യതി 29-6-2019 - പ്രകാരം എൻ.ആർ.എച്ച്.എം. പദ്ധതിയ്ക്കായി നിയമിതയായ അറ്റൻഡർക്ക് വേതനം നൽകുന്നതിനായി 1,24,800/- രൂപ ചുവടെ കൊടുക്കും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ /തീയതി | തുക |
|---|---|---|
| 1 | 01/20-21/15.06.2020 | 20800 |
| 2 | 02/20-21/15.06.2020 | 10400 |
| 3 | 03/20-21/03.08.2020 | 10400 |
| 4 | 04/20-21/19.08.2020 | 10800 |
| 5 | 05/20-21/15.09.2020 | 10000 |
| 6 | 06/20-21/16.10.2020 | 10400 |
| 7 | 08/20-21/09.11.2020 | 10800 |
| 8 | 09/20-21/04.12.2020 | 10000 |
| 9 | 10/20-21/08.01.2021 | 10400 |
| 10 | 11/20-21/12.02.2021 | 10800 |
| 11 | 12/20-21/05.03.2021 | 10000 |
| | ആകെ | 124800 |

14-2-2018-ലെ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ, സബ്സിഡി മാർഗ്ഗ രേഖ ഖണ്ഡിക 8-10 പ്രകാരം പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളമോ ഹോണറേറിയമോ നൽകാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ചില ഇളവുകൾ അനുവദിച്ചിട്ടുണ്ടെങ്കിലും അറ്റൻഡർക്ക് വേതനം നൽകൽ ഈ ഗണത്തിലും വരുന്നില്ല.

മെയിന്റനൻസ് ഫണ്ട് ( റോഡിതരം) ചെലവഴിച്ച് നടത്തിയ പ്രസ്തുത പദ്ധതിയിൽ നിന്നും 1,24,800/- രൂപ അറ്റൻഡർക്ക് വേതനം നൽകാനായി ഉപയോഗിച്ചതിനുള്ള കാരണം വിശദീകരിക്കേണ്ടതും ആയതിനുള്ള അനുമതി ഉത്തരവ് ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 13/-21 / 14.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. 1,24,800/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-25 കാലാവധി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്യുന്നു

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ , ആയുർവേദം

അടങ്കൽ - 5,00,000/-

ചെലവ് - 5,00,000/-

( ബിൽ നം- 1/20-21/18.09.2020)

പഞ്ചായത്തിലെ ആയുർവേദ ആശുപത്രിക്കും , ആയുർവേദ ട്രൈബൽ ആശുപത്രിക്കും മരുന്ന് വാങ്ങുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. യഥാക്രമം 3 ലക്ഷം, 2 ലക്ഷം രൂപയുടെ മരുന്നുകളാണ് വാങ്ങിയത് .സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുക്കുന്ന മരുന്നുകൾ കാലാവധി കഴിഞ്ഞതിനു ശേഷവും വിതരണം ചെയ്തതായി കണ്ടു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ/ മരുന്നിന്റെ പേര് | മരുന്ന് സ്റ്റോക്കിലെടുത്ത തീയതി / എണ്ണം | കാലാവധി | കാലാവധിക്കു ശേഷം വിതരണം ചെയ്ത അളവ് / തീയതി |
|---|---|---|---|---|
| 1 | 90182198/ 30.09.20 – ഏലകണ്വാദി കഷായം 200 ML | 27.10.2020 – 36 എണ്ണം | 10/2021 | 20 എണ്ണം - 07.12.2021 |
| 2 | ജ്യാത്യാദി ഘൃതം 450ml | 27.10.2020 – 5 എണ്ണം | 09/2021 | 5 എണ്ണം - 07.12.2021 |

കാലാവധി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ടതിന് ( ഓഡിറ്റ് എൻക്വയറി 11/20-21 /14.07.2022)ഔഷധിയിൽ നിന്നും മരുന്നുകൾ ലഭിക്കാൻ കാലതാമസമുണ്ടാകുന്നതിനാലും, കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട മരുന്നായതിനാൽ ഡിസ്പെൻസറികളിൽ മേൽ പറഞ്ഞ മരുന്നുകൾ ഡിപ്പാർട്ട്മെന്റിൽ നിന്നും അധികമായി ലഭ്യമാക്കിയിരുന്നതിനാലാണ് മരുന്നുകൾ അവശേഷിച്ചതെന്നും മറുപടി നൽകിയിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-26 തരിശു ഭൂമിയിൽ നെൽകൃഷി സഹായം - സബ്സിഡി നിരക്കിനേക്കാൾ അധികം തുക നൽകി

പദ്ധതി - 163/21 – സുഭിക്ഷം പദ്ധതി - തരിശു നെൽകൃഷി സഹായം

അടങ്കൽ - 60000 ( വികസന ഫണ്ട് - പൊതുവിഭാഗം)

ചെലവ് - 43500/-

ബിൽ നമ്പർ - 10/20-21/ 26.01.2021

കോവിഡ് 19 -ന്റെ പശ്ചാത്തലത്തിൽ ഗ്രാമസഭകൾ ചേരാൻ കഴിയാത്ത സാഹചര്യത്തിൽ തരിശുനിലം കണ്ടെത്തി നെൽകൃഷി ചെയ്തവർക്ക് ഭരണസമിതിയുടെ അംഗീകാരത്തോടെ ആനുകൂല്യം നൽകുക എന്നതാണ് പദ്ധതി ലക്ഷ്യം. പാട്ടകൃഷിയാണെങ്കിൽ നില ഉടമയ്ക്ക് ഹെക്ടറിന് 5000/- രൂപയും , കർഷകന് 35,000/- രൂപയും നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയത്.

ഭരണസമിതിയുടെ 23.09.2020 ലെ 1/1 -ാം നമ്പർ തീരുമാന പ്രകാരം പാട്ടകൃഷി ചെയ്യുന്നവർക്ക് ധനസഹായം പദ്ധതിക്കായി 2 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും പാട്ടകൃഷി ചെയ്ത സ്ഥല വിസ്തൃതിക്ക് ആനുപാതികമായി സ്ഥലമുടമയ്ക്കും, പാട്ടകൃഷി ചെയ്ത കർഷകനും തുക നൽകുകയാണ് ചെയ്തിട്ടുള്ളത് . എന്നാൽ പാട്ടകൃഷി ചെയ്ത കർഷകന് ( ടി.എസ് ചാണ്ടി) തുക അധികം നൽകിയിട്ടുണ്ട് .

| ക്രമ നമ്പർ | സ്ഥലമുടമ | റീ നം/സ്ഥല വിസ്തൃതി | പാട്ടക്കാരന് നൽകിയ തുക | നൽകാവുന്ന തുക |
|---|---|---|---|---|
| 1 | സേവ്യർ അറക്കപറമ്പിൽ | 245/18 - 25 സെന്റ് | 24500 | 3500 |
| 2 | ജോസഫ് അറക്കപറമ്പിൽ | 245/18 - 25 സെന്റ് | | 3500 |
| 3 | ഷിജോ മാത്യു | 245/18 – 25 സെന്റ് | | 3500 |
| 4 | ജോസ് കുമാർ പി എം | 245/19 – 79സെന്റ് | | 11060 |
| | | ആകെ | 24500 | 21560 |

2940/- രൂപ അധികം നൽകിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 18 /20-21 / 15.07.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കാത്തപക്ഷം തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്. മറുപടി ഹാജരാക്കുന്നതിലേക്കായി ₹2940/- തടസ്സത്തിൽ വെക്കുന്നു.

## 1-27 കാവുമന്ദം മാർക്കറ്റ് ഡ്രൈനേജ് നിർമ്മാണം-₹ 27,462.00 അധികം നൽകി

| | |
|---|---|
| പ്രോജക്റ്റ് നം/ പേര് | S-154/21 കാവുമന്ദം മാർക്കറ്റ് ഡ്രൈനേജ് നിർമ്മാണം |
| അടങ്കൽ | ₹ 2,61,000.00 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| എസ്റ്റിമേറ്റ് | 2,61,000.00(നം. 2019/70638) |
| പി.എ.സി | 2,32,864.38 |
| കരാറുകാരൻ | മഹേഷ്.എം.ജി, സെക്രട്ടറി, കോട്ടത്തറ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി |
| കരാർ തുക | പി.എ.സിയിൽ 12.8 % കുറവ് |
| കരാർ നമ്പർ | AE/LSGD/Thariyode/28/19-20/15.11.19 |
| ചെലവ് | 2,54,756.00 |
| ബിൽ നം/തിയ്യതി | 37/20-21/16.09.20 |
| എം.ബുക്ക് നം. | 561/19-20(പേജ് നം.1-14) |
| ചെക്ക് മെഷർ ചെയ്ത തീയതി | 30/07/20 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

മേൽ പദ്ധതി പ്രകാരം 254756 രൂപ പിൻവലിച്ച് കാവുമന്ദം മാർക്കറ്റ് ഡ്രൈനേജ് നിർമ്മാണം എന്ന പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കരാറുകാരൻ ക്വോട്ട് ചെയ്ത 12.8% ടെണ്ടർ കുറവ് കുറക്കാതെയാണ് തുക നൽകിയിരിക്കുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| മെമ്മോ ഓഫ് പേയ്മെന്റ് പ്രകാരം നൽകിയ തുക(₹) | നൽകേണ്ട തുക(₹) | അധികം നൽകിയ തുക(₹) |
|---|---|---|
| ആകെ ചെയ്ത പ്രവ്യത്തി മൂല്യം - 240822 (എം ബുക്ക് പേജ് നം. 12)<br>കരാർ തുക യിൽ പരിമിതപ്പെടുത്തിയത് - 227461<br>ജി.എസ്.ടി(12%) കൂട്ടുക – 27295<br>ആകെ - 254756 | ആകെ ചെയ്ത പ്രവ്യത്തി മൂല്യം – 240822 (എം ബുക്ക് പേജ് നം. 12)<br>പി.എ.സി തുക - 232864<br>കരാർ തുക യിൽ പരിമിതപ്പെടുത്തിയത് (പി.എ.സി.യിൽ 12.85% കുറവ്) – 202941<br>ജി.എസ്.ടി(12%) കൂട്ടുക – 24353<br>ആകെ - 227294 | 254756 – 227294 = 27462 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/20-21/15.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദ വിവരത്തിന് ഖണ്ഡിക 3-1 കാണുക.

## 1-28 കുണ്ടിലങ്ങാടി അംഗൺവാടി കുടിവെള്ള പദ്ധതി നവീകരണം - പദ്ധതി ലക്ഷ്യം കണ്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം/ പേര് | S-74/21 കുണ്ടിലങ്ങാടി അംഗൺവാടി കുടിവെള്ള പദ്ധതി നവീകരണം |
| അടങ്കൽ | ₹ 50000.00 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| എസ്റ്റിമേറ്റ് | നം. 2020/120750(തുക ₹50000/-) |
| ചെലവ് | ₹ 27,531.00 |
| ബിൽ നം/തിയ്യതി | 69/20-21/18.03.21 |
| എം.ബുക്ക് നം. | 571/19-20(പേജ് നം.1-8) |
| ചെക്ക് മെഷർ ചെയ്ത തീയതി | 09/03/21 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

മേൽ പദ്ധതി പ്രകാരം ₹ 27,531.00 പിൻവലിച്ച് കുണ്ടിലങ്ങാടി അംഗൺവാടി കുടിവെള്ള പദ്ധതി നവീകരണം എന്ന പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം 0.5 HP മോട്ടോർ സ്ഥാപിച്ച് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിച്ച്, വയറിംഗ് നടത്തി, ഇലക്ട്രിസിറ്റി കണക്ഷൻ എടുത്ത് കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് ഉദ്ദേശിച്ചിരിക്കുന്നത്.

എന്നാൽ, എം ബുക്ക് പ്രകാരം ഇലക്ട്രിസിറ്റി കണക്ഷൻ ലഭ്യമാക്കാനുള്ള തുക ചെലവഴിച്ചിട്ടില്ല. അതിനാൽ, മോട്ടോർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും കുടിവെള്ളം ലഭ്യമായിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/20-21/15.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, രേഖകൾ ഹാജരാക്കേണ്ടതുമാണ്. ഇലക്ട്രിസിറ്റി ലഭ്യമാക്കി പദ്ധതി പൂർത്തിയാക്കുന്നത് വരെ ചെലവ് തുക ₹ 27,531.00 തടസ്സത്തിൽ വെക്കുന്നു.

## 1-29 തെക്കേ തൊട്ടിപ്പടി-പതിനൊന്നാം മൈൽ റോഡ് അരിക് സംരക്ഷണം-രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം/ പേര് | S-102/21 തെക്കേ തൊട്ടിപ്പടി-പതിനൊന്നാം മൈൽ റോഡ് അരിക് സംരക്ഷണം |
| അടങ്കൽ | ₹ 3,67,600.00 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| കരാറുകാരൻ | പൈലി.എം |
| ചെലവ് | ₹ 3,56,617.00 |
| ബിൽ നം/തിയ്യതി | 16/20-21/14.05.20 |
| എം.ബുക്ക് നം. | 192/18-19(പേജ് നം.1-11) |
| ചെക്ക് മെഷർ ചെയ്ത തീയതി | 23/03/19 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

മേൽ പദ്ധതി പ്രകാരം ₹ 3,56,617.00 പിൻവലിച്ച് തെക്കേ തൊട്ടിപ്പടി-പതിനൊന്നാം മൈൽ റോഡ് അരിക് സംരക്ഷണത്തിനായി ചെലവഴിച്ചിട്ടുണ്ട്. എം.ബുക്ക്, ഫൈനൽ ബിൽ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ, ബാക്കി രേഖകളായ, പ്രോജക്ട്, എസ്റ്റിമേറ്റ് , ടെക്നിക്കൽ അംഗീകാരം, ടെണ്ടർ, കരാർ, സെലക്ഷൻ നോട്ടീസ് എന്നിവയൊന്നും ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/20-21/15.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, രേഖകൾ ഹാജരാക്കേണ്ടതുമാണ്. രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹ 3,56,617.00 തടസ്സത്തിൽ വെക്കുന്നു.

## 1-30 പഞ്ചായത്ത് ഓഫീസ് കെട്ടിടം നവീകരണം- പൊളിച്ച സാധനങ്ങൾ സ്റ്റാക്ക് ചെയ്തിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം/ പേര് | S 60/21 പഞ്ചായത്ത് ഓഫീസ് കെട്ടിടം നവീകരണം |
| അടങ്കൽ | ₹ 4,80,800.00 (വികസന ഫണ്ട് ജനറൽ) |
| എസ്റ്റിമേറ്റ് നം. | 2202/36089(₹ 480800) |
| കരാറുകാരൻ | സുധീഷ് ജോയ് |
| ചെലവ് | ₹ 4,73,795.00 |
| ബിൽ നം/തിയ്യതി | 84/20-21/28.03.21 (212781)<br>5/21-22/07.05.21 (261014) |
| എം.ബുക്ക് നം. | 7/20(പേജ് നം.1-43) |
| ചെക്ക് മെഷർ ചെയ്ത തീയതി | 16/03/21 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

മേൽ പദ്ധതി പ്രകാരം 20-21 വർഷം, ₹ 2,12,781.00 പിൻവലിച്ച് പഞ്ചായത്ത് ഓഫീസ് കെട്ടിടം നവീകരണം എന്ന പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഫൈനൽ ബിൽ പ്രകാരം താഴെ പറയുന്ന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഫൈനൽ ബിൽ പ്രകാരം ചെയ്ത ജോലി | ഫൈനൽ ബിൽ പ്രകാരം ചെയ്ത അളവ് | എം.ബുക്ക് പേജ് നം. | ഫൈനൽ ബിൽ പ്രകാരം നൽകിയ തുക(₹) |
|---|---|---|---|---|
| 1 | Demolishing Brick Work And Stacking Of Serviceable Materials | 19.15 Cum | 28 | 21308.21 |

| | | | | |
|---|---|---|---|---|
| 2 | Dismantling Of Rolling Shutters And Stacking Of Serviceable Materials | 55.8 Sq.m | 29 | 8611.06 |
| 3 | Demolishing Of RCC Work And Stacking Of Steel Bars | 0.3 Sq.m | 29 | 576.18 |
| ആകെ | | | | 30,495.00 |

മേൽ പ്രവൃത്തിയിൽ പറയുന്ന പൊളിച്ചെടുത്ത പഴയ സാധനങ്ങൾ Stack ചെയ്തതിന്റെ വിവരങ്ങൾ എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ പ്രവൃത്തിയിൽ പ്രസ്തുത സാധനങ്ങൾ പുനരുപയോഗിച്ചതായും രേഖപ്പെടുത്തിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/20-21/15.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പൊളിച്ചെടുത്ത പഴയ സാധനങ്ങൾ വിൽക്കുകയോ പുനരുപയോഗിക്കുകയോ ചെയ്യാതിരുന്നതിനാൽ ചെലവ് തുക ₹ 30,495.00 തടസ്സത്തിൽ വെക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കാവുമന്ദം മാർക്കറ്റ് ഡ്രൈനേജ് നിർമ്മാണം-₹ 27,462.00 അധികം നൽകി

| | |
|---|---|
| പ്രോജക്ട് നം/ പേര് | S-154/21 കാവുമന്ദം മാർക്കറ്റ് ഡ്രൈനേജ് നിർമ്മാണം |
| അടങ്കൽ | ₹ 2,61,000.00 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| എസ്റ്റിമേറ്റ് | 2,61,000.00(നം. 2019/70638) |
| പി.എ.സി | 2,32,864.38 |
| കരാറുകാരൻ | മഹേഷ്.എം.ജി, സെക്രട്ടറി, കോട്ടത്തറ ലേബർ കോൺട്രാക്ട് സൊസൈറ്റി |
| കരാർ തുക | പി.എ.സിയിൽ 12.8 % കുറവ് |
| കരാർ നമ്പർ | AE/LSGD/Thariyode/28/19-20/15.11.19 |
| ചെലവ് | 2,54,756.00 |
| ബിൽ നം/തിയ്യതി | 37/20-21/16.09.20 |
| എം.ബുക്ക് നം. | 561/19-20(പേജ് നം.1-14) |
| ചെക്ക് മെഷർ ചെയ്ത തീയതി | 30/07/20 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

മേൽ പദ്ധതി പ്രകാരം 254756 രൂപ പിൻവലിച്ച് കാവുമന്ദം മാർക്കറ്റ് ഡ്രൈനേജ് നിർമ്മാണം എന്ന പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കരാറുകാരൻ ക്വോട്ട് ചെയ്ത 12.8% ടെണ്ടർ കുറവ് കുറക്കാതെയാണ് തുക നൽകിയിരിക്കുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| മെമ്മോ ഓഫ് പേയ്മെന്റ് പ്രകാരം നൽകിയ തുക(₹) | നൽകേണ്ട തുക(₹) | അധികം നൽകിയ തുക(₹) |
|---|---|---|
| ആകെ ചെയ്ത പ്രവൃത്തി മൂല്യം - 240822 (എം ബുക്ക് പേജ് നം. 12)<br>കരാർ തുക യിൽ പരിമിതപ്പെടുത്തിയത് - 227461<br>ജി.എസ്.ടി(12%) കൂട്ടുക – 27295<br>ആകെ - 254756 | ആകെ ചെയ്ത പ്രവൃത്തി മൂല്യം - 240822 (എം ബുക്ക് പേജ് നം. 12)<br>പി.എ.സി തുക - 232864<br>കരാർ തുക യിൽ പരിമിതപ്പെടുത്തിയത്(പി.എ.സി.യിൽ 12.85% കുറവ്) - 202941<br>ജി.എസ്.ടി(12%) കൂട്ടുക – 24353 | 254756 –<br>227294<br>= 27462 |

| | | |
|---|---|---|
| | ആകെ - 227294 | |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/20-21/15.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ച ₹ 27,462.00 നിരാകരിക്കുന്നു.ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 12,00,000 | 178/20 ജനറല് ലൈഫ് ഭൂമി വാങ്ങല് | 12,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 20-21 | 200,000 | 178/20 ജനറല് ലൈഫ് ഭൂമി വാങ്ങല് | 200,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 0 | 181/2020ടിഎസ്പി ലൈഫ് ഭൂമി വാങ്ങല് | ം | |
| ജില്ലാ പഞ്ചായത്ത് | 20-21 | 450,000 | 181/2020ടിഎസ്പി ലൈഫ് ഭൂമി വാങ്ങല് | 450,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 0 | 48/20 ലൈഫ് ടിഎസ്പി | ം | 0 |
| ജില്ലാ പഞ്ചായത്ത് | 20-21 | 21,86,950 | 48/20 ലൈഫ് ടിഎസ്പി | 21,86,950 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 1,25,497 | 42/20 ലൈഫ് എസ് സി പി | 1,25,497 | 0 |
| ജില്ലാ പഞ്ചായത്ത് | 20-21 | 0 | 42/20 ലൈഫ് എസ് സി പി | | 0 |

## 4-2 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ | സ.ഉ.(എം.എസ്) നം. 2278/ തസ്വഭവ തീയ്യതി 18.08.2018 | 0 | 63,66,706 | 8,19,529 | 0 | 55,47,177 |

## 4-3 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-4 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-5 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | | 2001-02 | 10 | മണൽലേലം,മുൻകൂർ നൽകിയ മരാമത്ത് വേല സംബന്ധിച്ച് | സമിതിയുടെ പരിഗണനയിൽ |
| 1998-99 | 3-3 | 2005-06 | 79(1) | പെൻഷൻ വിതരണത്തിൽ അപാകത | സമിതിയുടെ പരിഗണനയിൽ |
| 2005-06 | 3-4 | 2008-09 | 3.9.4 | കുടുംബശ്രീ മുഖേനെ വീട് നിർമ്മാണം-വീടുകൾ പൂർത്തീകരിച്ചിട്ടില്ല | സമിതിയുടെ പരിഗണനയിൽ |
| 2017-18 | 2-1 | 2018-19 | 1.1 | പഞ്ചായത്തിന്റെ കൈവശമുള്ള സ്ഥലത്ത് അനുമതി ഇല്ലാതെ ടൂറിസം ഡിപ്പാർട്ട്മെന്റ് കെട്ടിടം നിർമ്മിച്ച് പാട്ടത്തിന് നൽകി | സമിതിയുടെ പരിഗണനയിൽ |

## 4-6 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഒഴികെ) | : | ₹6,74,26,467/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹6,43,58,282/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹27,462/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹29,80,739/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | ₹27,462/- | ശ്രീ വിഷ്ണു, അസി .എഞ്ചിനീയർ |
| ആകെ | ₹27,462/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | ₹9,00,000 | ലതിക.എം.ബി, സെക്രട്ടറി. |
| 1-17 | ₹2,60,600 | കെ.ജി സുകുമാരൻ, സെക്രട്ടറി. |
| 1-18 | ₹2,38,782 | ലതിക.എം.ബി, സെക്രട്ടറി. |
| 1-19 | ₹1,37,814 | കെ.ജി സുകുമാരൻ, സെക്രട്ടറി. |
| 1-19 | ₹4,13,442 | ലതിക.എം.ബി, സെക്രട്ടറി. |
| 1-21 | ₹4,80,662 | ജയരത്നം, ഹെഡ് മാസ്റ്റർ |
| 1-24-1 | ₹7,056 | ഡോ. ശ്രീനാഥ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-24-2 | ₹1,24,800 | ഡോ. ശ്രീനാഥ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-26 | ₹2940 | ജയരാജൻ.എം, കൃഷി ഓഫീസർ |
| 1-28 | 27,531 | ശ്രീമതി ആലിയ ഫൈസ |
| 1-29 | 3,56,617 | ശ്രീ വിഷ്ണു, അസി .എഞ്ചിനീയർ |
| 1-30 | 30,495 | ശ്രീമതി ആലിയ ഫൈസ |
| ആകെ | ₹29,80,739/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.വിഷ്ണു ,<br>അസി<br>.എഞ്ചിനീയർ | അസി. എഞ്ചിനീയർ,<br>പൊഴുതനഗ്രാമ പഞ്ചായത്ത്. | വിഷ്ണു നിവാസ്,<br>താമലക്കല് ഹരിപ്പാട്<br>ആലപ്പുഴ |

## 4-7 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | എൽ . എഫ് പി 2-532/98/04.08.99 | 49 |
| 1997-98 | എൽ. എഫ് (ഡബ്ല്യു) പി 3-624/00/08.3.01 | 63 |
| 1998-99,plan | എൽ. എഫ് (ഡബ്ല്യു)പി 1-88/2007/02.03.07 | }15 |
| 1998-99 | എൽ . എഫ് (ഡബ്ല്യു )പി 3-607/04/5.8.2005 | |
| 1999-00 | എൽ. എഫ് (ഡബ്ല്യു )പി 3-294/04/3.07.07 | 6 |
| 2000-01,plan | എൽ. എഫ് (ഡബ്ല്യു )പി 1-295/04/03.03.2006 | 11 |
| 2001-02,plan | എൽ. എഫ് (ഡബ്ല്യു )പി 1-296/04/3.8.06 | }12 |
| 2001-02 | എൽ. എഫ് (ഡബ്ല്യു )പി 1 -168/07/13/08/19 | |
| 2002-03 | എൽ. എഫ് (ഡബ്ല്യു )പി 1-400/07/16/08/19 | 3 |
| 2003-04 | എൽ. എഫ് (ഡബ്ല്യു )പി 1-1118/08/ 18/08/19 | 1 |
| 2004-05 | എൽ. എഫ് (ഡബ്ല്യു )പി 1-1117/08/16/8/19 | 3 |
| 2005-06 | എൽ. എഫ് (ഡബ്ല്യു )പി 1-1168/08/08.04.2009 | 22 |
| 2006-07 | എൽ. എഫ് (ഡബ്ല്യു )പി 1-661/10/13/8/19 | 17 |
| 2007-08 | എൽ. എഫ് (ഡബ്ല്യു )പി 1-90/13/16/8/19 | 11 |
| 2008-09 | എൽ. എഫ് (ഡബ്ല്യു )പി 1-377/13/29.04.13 | 47 |
| 2009-10 | എൽ. എഫ് (ഡബ്ല്യു )പി 1-407/13/11.10.2013 | 57 |
| 2010-11 | എൽ. എഫ് (ഡബ്ല്യു )പി 1-221/14/15.07.14 | 19 |
| 2011-12 | എൽ. എഫ് (ഡബ്ല്യു )പി 1-258/14/18.02.15 | 18 |
| 2012-13 | എൽ. എഫ് (ഡബ്ല്യു )പി 1-215/15/23.03.15 | 29 |
| 2013-14, 2014-15 | കെ.എസ്.എ .ഡബ്ല്യു.വൈ.ഡി പി1-22/16/04.04.2017 | 22 |
| 2015-16 | നം.കെ.എസ്.എ(ഡബ്ല്യു.വൈ.ഡി) .പി.1/772/16/13/8/19 | 7 |
| 2016-17 | നം.കെ.എസ്.എ(ഡബ്ല്യു.വൈ.ഡി) .പി.1/902/17/17 /03/2018 | 16 |
| 2017-18 | നം.കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി1-855/18 03.12.2018 | 22 |
| 2018 – 19 | നം.കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി1-511/19 17.09.20 | 12 |

| | | | |
|---|---|---|---|
| 2019-20 | നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-344/18 | 15.12.2021 | 13 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്